# വിഷയവിവരം.

ആ മമ്മരം.

—എം. എൻ. എം.

ഗ്രാമീണവിദ്ദ്യാഭ്യാസം.

—റാവുസാഹിബ്ബ് ഐ. എൻ. മേനോൻ,
എം. ഏ. (ഓക്സൺ) ബി. ലിററ്.

ശാസ്ത്രീയഗതി എവിടേക്ക്.

—മുല്ലോത്ത് വി. നാരായണമേനോൻ.

ലേ മിസറാബ്ൾ.

—വിദ്വാൻ കെ. പ്രകാശം.

ദുരന്തം.

—എം. എൻ. വാസുദേവൻ ഭട്ടതിരി.

ജ്യോതിശ്ശാസ്ത്രം.

— പണ്ഡിതർ, കരുവേലി രാമൻമേനോൻ.

പുനർവിവാഹം.

—സി. എ. കിട്ടുണ്ണി.

24 APR 1937


# കൈരളി

| പുസ്തകം ൨൧. | ൧൧൧൨ മീനം | ലക്കം ൧൨. |
|---|---|---|


## ആ മർമ്മരം.

(ഗീതകം)

(എം. എൻ. എം.)

ആകാശകാസാരത്തിൽ സാകൂതം നിന്നീടുന്ന,
രാകേന്ദുബിംബം മേഘമാലയിൽ മറയുന്നു.
കൂടവെ കളിക്കുന്ന താരകളുടെ നേരേ
കേടററ വെൺജ്യോൽസ്നയാം നുരകൾ വിതറുന്നു.
ആ ജ്യോതിഷ് കണങ്ങൾ, ആ, വായുവിൽ വിലയിച്ചു
രാജിപ്പൂ; രജതത്തിൽ മുക്കിയ പോലായ് ലോകം.
തരളാക്ഷികളാകും താരാവൃന്ദങ്ങളൊത്തു
തരസാ സരസമായ് നൃത്തംചെയ്യുന്നു ചന്ദ്രൻ
താർനിരയാകും പുളകങ്ങളെയണിഞ്ഞപ്പോൾ
വാനിലേക്കെത്തിനോക്കി നില്ക്കുന്നു തരുവൃന്ദം
നീരാളദലങ്ങളാമവയ്ക്കുള്ളളകങ്ങൾ
ആരാൽ മാരുതൻ മന്ദം താലോലിച്ചൊതുക്കുന്നു.
അന്നേരം സംജാതമാം മർമ്മരം മനോഹരം
മന്നിനെ പ്രേമാമൃതസിന്ധുവിൽ മുക്കീടുന്നു.

# ഗ്രാമീണവിദ്യാഭ്യാസം.

—റാവുസാഹിബ് ഐ. എൻ. മേനോൻ,
എം. എ. (ഓക്സൺ) ബി. ലിററ്.

## IV

"വയലുകൾ കാരാഗൃഹങ്ങളെങ്കിൽ
എവിടെയാണു പിന്നെ സ്വാതന്ത്ര്യം?"

ബ്ളൂം ഫീൽഡ്.

ഞാൻ ഇതിനുമുമ്പു പറഞ്ഞതിൽനിന്നും ഏതാണ്ടു മുഴുവനും നാഗരികബാലന്മാരുടെ വിദ്യാഭ്യാസംപോലെത്തന്നെ ഗ്രാമീണവിദ്യാഭ്യാസവും വേണ്ടതെന്നാണ് എന്റെ അഭിപ്രായമെന്നു നിങ്ങൾ ധരിച്ചേക്കാനിടയുണ്ടു്. സാധാരണ വിദ്യാഭ്യാസത്തിന്റേതുപോലെ സാംസ്കാരികവും സാമുദായികവും തൊഴിൽപരവുമായ ഉദ്ദേശങ്ങൾതന്നെയാണു ഗ്രാമീണവിദ്യാലയങ്ങളുടേയും ഉദ്ദേശങ്ങൾ എന്നു വന്നാൽപിന്നെ ഗ്രാമീണവിദ്യാലയങ്ങളെ നാഗരികവിദ്യാലയങ്ങളിൽനിന്നും വേർതിരിക്കുക എങ്ങിനെയാണെന്നു നിങ്ങൾ സംശയിച്ചേക്കാം. നമ്മെ സംബന്ധിച്ചേടത്തോളമെങ്കിലും നാട്ടും നഗരവും തമ്മിൽ അത്ര വളരെ വ്യത്യാസമൊന്നുമില്ലെന്നും, സ്വഭാവേന തികച്ചും തൊഴിലിലും വീക്ഷണഗതിയിലും ഒട്ടുമുക്കാലും, ഗ്രാമീണമായ ഒരു ജനതയ്ക്കു പററിയ ഒരു വിദ്യാഭ്യാസപദ്ധതിയെ രൂപവൽക്കരിക്കേണ്ടതാണു യഥാർത്ഥമായ പ്രശ്നമെന്നും ഞാൻ പറകയുണ്ടായല്ലോ. എന്നാൽ നമ്മുടെ ഇടയിൽതന്നെയും രക്ഷിതാക്കന്മാരുടെ പ്രകൃതിയിലും വീക്ഷണഗതിയിലുമെന്നപോലെ അദ്ധ്യാപകന്റെ കർത്തവ്യത്തിലും നാട്ടും നഗരവും തമ്മിൽ ഒരു വ്യത്യാസമുണ്ടെന്നു നാം കണ്ടുകഴിഞ്ഞു. മുമ്പു പറഞ്ഞതിനെ പൂർത്തീകരിക്കുവാനായി ഭാവിയിൽ പരീക്ഷിച്ചുനോക്കേണ്ട ഒരു വിദ്യാഭ്യാസപദ്ധതിയെ—ഒരു സാമുദായികപരീക്ഷണമെന്ന നിലയിലെങ്കിലും ഒന്നു ശ്രമിച്ചുനോക്കേണ്ട ഒരു പദ്ധതിയെ—ഒന്നു ചുരുക്കി വിവരിക്കുകയും, ഇന്നു നിലവിലുള്ള സമ്പ്രദായത്തേക്കാൾ അതു് എത്രത്തോളം കൂടുതൽ ആശാസ്യമായിരിക്കുമെന്നു് ഒന്നു വീക്ഷിക്കുകയുമാണു് ഈ ഉപന്യാസംകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്.

ഗ്രാമീണവിദ്യാലയത്തിലെ വിദ്യാഭ്യാസപദ്ധതിയെക്കുറിച്ച് ഐക്യരാജ്യങ്ങളിലെ വിദ്യാഭ്യാസ ബ്യൂറോവിലെ മി: ഹാറോൾഡ് ഡബ്ലിയു. ഫോട്ട് ചെയ്തിട്ടുള്ള നിർദ്ദേശത്തിൽ കുറച്ച് അവ്യക്തതയുണ്ടെങ്കിലും വളരെ കാര്യമുണ്ടു്: "ചുരുക്കത്തിൽ, ആശാസ്യമായ ഒരു

സാമൂഹ്യജീവിതത്തിന്നു് ആവശ്യമായി, കൃഷകനും അയാളുടെ ഭാൎയ്യയും അറിഞ്ഞിരിക്കേണ്ട സാംസ്കാരികവും പ്രായോഗികവുമായ എല്ലാ കാൎയ്യങ്ങളേയും അതു് സ്പൃശിക്കണം. പൌരന്മാരെന്ന നിലയ്ക്കു് അവൎക്കു് അവകാശപ്പെട്ട ചുമതലകളേയും സന്ദൎഭങ്ങളേയും സ്വീകരിക്കുവാൻ തയ്യാറാക്കുക; ഭേദപ്പെട്ടു ജീവിക്കുക എങ്ങിനെയെന്നു പഠിപ്പിക്കുക; അവസാനമായി, വളരെ ബുദ്ധിമുട്ടുകൾക്കുശേഷം ലഭിച്ച വിശ്രമവേളകളെ അവരവരുടെ സാന്മാൎഗ്ഗികവും കലാപരവുമായ പുരോഗതിക്കു പററിയവണ്ണം എങ്ങിനെ വിനിയോഗിക്കേണമെന്നു് പഠിപ്പിക്കുക." ഗ്രാമീണവിദ്യാഭ്യാസോദ്ദേശ്യത്തെപ്പററി നാം സ്വീകരിച്ച മതത്തോടു് ഇതും യോജിക്കുന്നു. വ്യക്തിയെ വ്യക്തിയെന്ന നിലയിലും, പ്രജായത്തഭരണബോധമുള്ള ഒരു സമുദായത്തിലെ അംഗമെന്ന നിലയിലും, കുടുംബത്തിന്റെ ഭക്ഷണസമ്പാദകനെന്ന നിലയിലും പോഷിപ്പിക്കേണ്ടതായിട്ടാണു വിദ്യാഭ്യാസപരിശ്രമങ്ങളെ നാം തരംതിരിച്ചതു്. ഏതൊരു വിദ്യാഭ്യാസപദ്ധതിയും—നാഗരികമാവട്ടെ ഗ്രാമീണമാവട്ടെ—ഈ ഉദ്ദേശങ്ങളെ മുൻനിൎത്തണമെന്നതിനു സംശയമില്ല. ഈ ഉദ്ദേശങ്ങൾ ശൂന്യമായ ഒരു വിദ്യാഭ്യാസം എവിടെ പ്രദാനം ചെയ്യപ്പെട്ടാലും വേണ്ടില്ല, അതു് ന്യൂനമായിരിക്കും. ഗ്രാമീണവിദ്യാഭ്യാസം നാഗരികമായതിൽനിന്നു വ്യത്യസ്തമായിരിക്കേണ്ടതു വ്യക്തിത്വത്തിന്റേയും, പൌരത്വത്തിന്റേയും, തൊഴിലിന്റേയും പ്രകൃതികളിലുള്ള വ്യത്യാസത്തിൽ മാത്രമാണു്. ഞാൻ മുമ്പു പറഞ്ഞതുപോലെ, ഏതൊരു വിദ്യാഭ്യാസപ്രസ്ഥാനവും കാൎയ്യക്ഷമമാവേണമെങ്കിൽ, അതു് ഏതൊരു ജനസമുദായത്തിനായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ, അതിന്റെ സാധാരണ ജീവിതത്തേയും, താല്പൎയ്യങ്ങളേയും, തൊഴിലിനേയും ആശകളേയും പ്രതിബിംബിപ്പിക്കണം. വിദ്യാഭ്യാസത്തിന്റെ ഈ ഉദ്ദേശങ്ങളെ ഗ്രാമീണപരിസരങ്ങളിൽ പ്രായോഗികമാക്കുക എങ്ങിനെയെന്നു് തീൎച്ചയാക്കുകയാണു് ഈ ഉപന്യാസംകൊണ്ടു സാധിക്കുവാൻ ഞാൻ ആശിക്കുന്നതു്.

ഗ്രാമീണതൊഴിലിനു ഗ്രാമീണജീവിതത്തിന്മേലുള്ള എന്തെന്നില്ലാത്ത സ്വാധീനശക്തിയെപ്പററി ഞാൻ പ്രസ്താവിക്കയുണ്ടായി. യഥാൎത്ഥത്തിൽ ഇന്നത്തെ ഗ്രാമീണജീവിതസംഘടനയിൽ ഗ്രാമീണതൊഴിലിന്റെ പ്രകൃതിക്കും പരിധിക്കും ഉള്ള അത്ര പ്രകടമായൊരു സ്വാധീനശക്തി അവിടുത്തെ വ്യക്തിയുടേയും സമുദായത്തിന്റേയും സ്വഭാവത്തിന്മേലും വളൎച്ചയിലും മറെറാന്നിനുണ്ടോ എന്നു വളരെ സംശയമാണു്.

കൃഷകജീവിതരീതിയെ നന്നാക്കണമെന്നുദ്ദേശിക്കുന്ന ഏതൊരു വിദ്യാഭ്യാസപ്രസ്ഥാനവും വിജയകരമാവേണമെങ്കിൽ, നാട്ടിൻപുറത്തെ തൊഴിലനുവദിച്ചുകൊടുക്കുന്ന ലൌകികവും സാന്മാൎഗ്ഗികവും വ്യക്തിപരവും സാമുദായികവുമായ എല്ലാ സന്ദൎഭങ്ങളേയും പുഷ്ടിപ്പെടുത്തുവാൻ അതു പ്രത്യേകം മനസ്സുവെക്കേണ്ടതുണ്ട്. ഒരു മനുഷ്യന്റെ സമ്പാദ്യത്തിന് അയാളുടെ സ്വഭാവത്തെ രൂപവൽക്കരിക്കുവാനുള്ള ശക്തിയുണ്ടെങ്കിൽ അതു സമ്പാദിക്കുവാനുള്ള ആജീവനാന്തപരിശ്രമത്തിനും അയാളുടെ സ്വഭാവരൂപവൽക്കരണത്തിനും തമ്മിൽ അവിഭാജ്യമായ ഒരു ബന്ധമുണ്ടാവുമെന്നതിനു സംശയമില്ല. ക്രമേണ അതൊരുതരം പരിഷ്കാരത്തിനുതന്നെ നിദാനമാകുന്നു. മുതലാളിത്വം സമുദായസംഘടനയിൽ വരുത്തിയിട്ടുള്ള മാററങ്ങളും അതിൽ അംഗങ്ങൾതമ്മിലുള്ള ആബന്ധവാൎയ്യുകളും നമുക്കിന്ന് സുപരിചിതമാണല്ലോ. അതുപോലെത്തന്നെ ഗ്രാമീണതൊഴിൽ ചില പ്രത്യേകവിധത്തിൽ സമുദായത്തിന്റെ വളൎച്ചയെ ബാധിച്ചിട്ടുണ്ട്. നാഗരികപരിഷ്കാരത്തിൽനിന്നും തുലോം വിഭിന്നമായ ഒരു ഗ്രാമീണപരിഷ്കാരത്തെ അതു സൃഷ്ടിച്ചിരിക്കുന്നു. അതുകൊണ്ടു ഗ്രാമീണജീവിതത്തിൻറ ഔദ്യോഗികഭാഗങ്ങൾക്കുള്ള പ്രാധാന്യത്തെ മുൻനിൎത്തി ഗ്രാമീണശിശുക്കൾക്കുപററിയ ഒരു നവീനവിദ്യാഭ്യാസപദ്ധതിയെപ്പററി നമുക്കു വിചിന്തനം ചെയ്യാം.

ആരംഭത്തിൽതന്നെ അഭിപ്രായവ്യത്യാസമാണു നമ്മെ സ്വാഗതംചെയ്യുന്നതു്. ഗ്രാമീണശിശുക്കൾക്കു കൃഷി തുടങ്ങിയ ഗ്രാമീണതൊഴിലുകളിൽ പ്രത്യേക അഭിനിവേശവും ചാതുരിയും ഉണ്ടാക്കുകയെന്നു പറയുമ്പോൾ ജന്മനാ തങ്ങളുടേതായ ചില പരിധികളെ അതിലംഘിക്കുവാൻ അവൎക്കുള്ള ചില അവസരങ്ങളെ അതു നിഷേധിക്കുകയാവില്ലെയെന്ന് ഒരു ചോദ്യം ഇവിടെയുണ്ടാകുന്നു. "കൃഷകനും നവദിനവും" എന്ന തന്റെ കൃതിയിൽ മി. എം. കെ. എൽ. ബെട്ടർഫീൽഡ് ഇങ്ങിനെ പറയുന്നു:—"ഒരു ബാലൻ തന്റെ ജീവിതപന്ഥാവിനെ തിരഞ്ഞെടുക്കേണ്ടതായ ഒരു സമയം വരുമെന്നുള്ളതു തീൎച്ചതന്നെ. അവൻ ഒരു കൃഷകനാവേണ്ടവനാണെങ്കിൽ, കൃഷിയെപ്പററി സുവ്യക്തമായും നിഷ്കൃഷ്ടമായും അവനെ പഠിപ്പിക്കേണ്ടതാണു്. എന്നാൽ ഗ്രാമത്തിലെ എല്ലാ ബാലികാബാലന്മാരേയും വയലുകളിലേയ്ക്കുതന്നെ തിരിച്ചയയ്ക്കുവാനും, ഇതരതൊഴിലുകളിൽ നാഗരികബാലികാബാലന്മാരുമായി മത്സരിക്കു

വാൻ അവരെ തീരെ അപ്രാപ്തരാക്കുവാനും മാത്രം പററിയ ഒരു ഗ്രാമീണവിദ്യാഭ്യാസപദ്ധതിയെ ആസൂത്രണം ചെയ്യുന്നതു തിരെ ആക്ഷേപാർഹമത്രെ." അങ്ങിനെ ഒരു തൊഴിലിനെമാത്രം പ്രധാന ഉദ്ദേശമാക്കി ചെയ്യുന്ന ഒരു വിദ്യാഭ്യാസം വ്യക്തിയുടെ വളർച്ചക്കു സഹായിക്കുക, അതിനുവേണ്ടി എല്ലാത്തരം സന്ദർഭങ്ങളേയും സൃഷ്ടിക്കുക എന്നിങ്ങിനെയുള്ള വിദ്യാഭ്യാസത്തിൻെറ മററു രണ്ടു് ഉദ്ദേശങ്ങളേയും തീരെ അവഗണിക്കുന്നുവെന്നുള്ളതാണ് ഇവിടെയുള്ള ആക്ഷേപം. വെറും തൊഴിലിനെ മാത്രം മുൻനിൎത്തി വിദ്യാഭ്യാസത്തിൻെറ മററുദ്ദേശങ്ങളെ തീരെ അവഗണിച്ചു നടത്തുന്ന വിദ്യാഭ്യാസസമ്പ്രദായം പ്രജായത്തഭരണബോധത്തിനു തീരെ വിരുദ്ധമാണെന്നും വ്യക്തിയുടേയും സമുദായത്തിൻേറയും വളർച്ചയെ അതു തടയുന്നുവെന്നുമാണ് അവർ ആക്ഷേപിക്കുന്നതു്.

വിദ്യാഭ്യാസവിചക്ഷണൻ മാത്രം പുറപ്പെടുവിക്കുന്ന ഒരാക്ഷേപമല്ല ഇതു്. ഈ അഭിപ്രായം കൎഷകനും ഉള്ളതാണ്. ഗവൎമ്മെണ്ടുദ്യോഗങ്ങളിലൊ കച്ചവടത്തിലൊ ഉയരുവാനുള്ള അവസരം തൻെറ മക്കളിൽ ചിലൎക്കെങ്കിലും കിട്ടണമെന്നു് അയാളും മോഹിക്കുന്നു. കൃഷിയുടെ നന്മയെപ്പററിതന്നെ സദാ ചിന്തിക്കുകയും തൻെറ മക്കളിൽ ചിലരെ ആ തൊഴിൽ പഠിപ്പിക്കുകയും ചെയ്യുന്ന അയാൾ, കൃഷിക്കാരൻെറ മക്കളാണെന്നതുകൊണ്ടു മാത്രം തൻെറ മക്കളുടെ വിദ്യാഭ്യാസത്തിൻെറ പരിധി ചുരുങ്ങരുതെന്നും അവർ കൃഷിക്കാരാകുന്നുവെങ്കിൽ അതിനുള്ള അവരുടെ പ്രത്യേകതാല്പൎയ്യംകൊണ്ടെന്നല്ലാതെ പുറമേനിന്നുമുള്ള നിൎബ്ബന്ധംകൊണ്ടായിരിക്കരുതെന്നും വിചാരിക്കുന്നു. ഗ്രാമീണബാലന്മാരെ ആസകലം കൃഷിക്കാരാക്കിത്തീൎക്കുവാൻ ഒരു വിദ്യാഭ്യാസം ശ്രമിക്കുന്നുവെങ്കിൽ തീൎച്ചയായും അതിനെപ്പററിയുള്ള ഈ ആക്ഷേപം വളരെ ന്യായമാണ്; എന്നാൽ തങ്ങളുടെ പിതാക്കന്മാരുടെ തൊഴിലുകളിലേയ്ക്കു് അവരെ നിൎബ്ബന്ധപൂൎവ്വം വലിച്ചിഴയ്ക്കാതെ, പ്രായോഗികവും കാൎയ്യക്ഷമവുമായ തൊഴിൽവിദ്യാഭ്യാസം കൎഷകബാലന്മാൎക്കു കൊടുക്കുവാൻ ഉദ്ദേശിക്കുന്ന ഒരു വിദ്യാഭ്യാസത്തിൻെറ നേരെ ഇത്തരം ഒരാക്ഷേപം പുറപ്പെടുവിച്ചുകൂടാ. കുട്ടികളുടെ വിദ്യാഭ്യാസം മുഴുവൻ ഒരേ മൂശയിൽനിന്നു വാൎത്തെടുത്തതുപോലെ മുഷിപ്പനാവുമെന്നും, തൊഴിലുകളെ തിരഞ്ഞെടുക്കുവാനുള്ള അവരുടെ സ്വാതന്ത്ര്യബുദ്ധിക്കു് അതു പരിധി കല്പിക്കുമെന്നും മററുമുള്ള ചില പടുകാരണങ്ങളും പറഞ്ഞു ഗ്രാമീണബാലന്മാൎക്കു കൃഷിയാദിയായ ഗ്രാമീണതൊഴിലുകളിൽ കാൎയ്യക്ഷമമായ വിദ്യാ

ഭ്യാസം നൽകാഞ്ഞാൽ അതു് തീരെ അഗർഹണീയമെന്നതിനു സംശയമേയില്ല; എന്തുകൊണ്ടെന്നാൽ ഗ്രാമീണ പ്രാഥമികവിദ്യാലയങ്ങളിലെ എഴുപത്തഞ്ചു ശതമാനം കുട്ടികളും ഏതെങ്കിലും ഒരുതരം ഗ്രാമീണ തൊഴിൽ സ്വീകരിച്ചു തങ്ങൾ ജനിച്ചുവളർന്ന സമുദായത്തിൽതന്നെ താമസിക്കുന്നവരാണു്. ഗ്രാമീണവിദ്യാലയത്തിലെ ഒരു ചെറിയ ന്യൂനഭാഗത്തിനുവേണ്ടി കുട്ടികളിൽ ഒരു വലിയ ഭൂരിപക്ഷത്തിന്റെ വിദ്യാഭ്യാസത്തിൽ നാം ഉപേക്ഷ കാട്ടിക്കൂടെന്നു് ആരും സമ്മതിക്കുന്നതാണു്.

മുമ്പു് ബാലികാബാലന്മാർ കാർഷികമായ പരിശ്രമങ്ങളിൽ ഏർപ്പെട്ടു കഴിച്ചിരുന്ന ആ സമയത്തെയാണു് ഇപ്പോൾ സ്കൂളുകൾ കൈവശമാക്കിയിരിക്കുന്നതെന്നു് ഈ ഘട്ടത്തിൽ നാം ഓർമ്മിക്കേണ്ടതാണു്. ഈ പ്രായോഗികമായ പരിശീലനത്തിന്റെ നഷ്ടം തീർക്കത്തക്ക ഏതെങ്കിലും വിധത്തിലുള്ള മറ്റൊന്നു് സ്കൂളുകൾ അവർക്കു പ്രദാനംചെയ്യണമെന്നു രക്ഷകർത്താക്കന്മാർ ആശിക്കുന്നുവെന്നതും നാം ഇവിടെ വിസ്മരിച്ചുകൂടാ. അതുകൊണ്ടു്, മററു താല്പര്യങ്ങളുടെ വളർച്ചകൾക്കും വൈവിധ്യത്തിനും വകവെച്ചുകൊടുക്കുന്നതോടൊപ്പംതന്നെ, ഗ്രാമീണതാല്പര്യങ്ങളേയും സന്ദർഭങ്ങളേയും പ്രത്യേകം മുൻനിർത്തിതന്നെ വേണം ഗ്രാമീണ വിദ്യാഭ്യാസത്തെപ്പററി ചിന്തിക്കുവാനും അതിനുള്ള പദ്ധതി രൂപവൽകരിക്കുവാനുമെന്നു ഞാൻ പറയും. ഇതു സാദ്ധ്യമാണെന്നു് അടുത്ത കാലത്തു് അമേരിക്കാ, ഡൻമാർക്കു് എന്നീ രാജ്യങ്ങൾക്കുണ്ടായിട്ടുള്ള അനുഭവങ്ങൾ തെളിയിക്കുന്നു.

ഗ്രാമീണവിദ്യാലയങ്ങളിലെ പഠനകോടിയിൽ കൃഷി ഒരു നിർബ്ബന്ധവിഷയമായിരിക്കണമെന്നു പറയുവാൻ മറെറാരു കാരണം കൂടിയുണ്ടു്. പഴയ ജ്ഞാനത്തിന്റെ വെളിച്ചത്തിൽകൂടിയാണു് മനുഷ്യർ പുതിയ ജ്ഞാനത്തെ മനസ്സിലാക്കുകയെന്നു് അദ്ധ്യാപകവൃത്തിയിൽ ഏർപ്പെട്ടവർക്കൊക്കെ നല്ലവണ്ണമറിയാം. നവംനവങ്ങളായ അനുഭവങ്ങളെ പഴയ ജ്ഞാനവുമായി അടുപ്പിച്ചുനോക്കീട്ടാണു വാസ്തവത്തിൽ പുതിയ തത്വങ്ങളെ നാം മനസ്സിലാക്കുന്നതു്. ഒരു കുട്ടി സ്കൂളിൽ വരുന്നതിനു മുമ്പു് അവനുള്ള അറിവു് അവൻ സ്കൂളിൽനിന്നു പഠിക്കുന്നതിനെ വളരെയധികം ബാധിക്കുന്നു. യഥാർത്ഥത്തിൽ അതു ഭാവിയുടെ താക്കോലാണു്. ഗ്രാമീണപരിസരങ്ങളിൽ ജനിച്ചുവളർന്ന ഗ്രാമീണ ശിശുവിന്റെ ഹൃദയത്തെ കൃഷി തുടങ്ങിയ ഗ്രാമീണതൊഴിലുകൾ വളരെ അനായാസം വശീകരിക്കുന്നു. അങ്ങിനെ വിലയേറിയ ഒരു പാഠം

എന്ന നിലയിൽ മാത്രമല്ല, പുതിയ ജ്ഞാനലോകത്തിലേയ്ക്കുള്ള ഒരു കവാടമെന്ന നിലയിലും കൃഷി ഗ്രാമീണാദ്ധ്യാപകൻെറ സ്വാധീനത്തിലുള്ള ഒരു വിഷയമാകുന്നു. മറെറാരുവിധത്തിൽ പറയുകയാണെങ്കിൽ, ഗ്രാമത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടേയും ഒരേ ഒരു ജീവിതസമ്പാദനമാർഗ്ഗമായ തൊഴിലിനായി ഗ്രാമീണബാലികാബാലന്മാരെ അഭ്യസിപ്പിക്കുക എന്നതു മാത്രമല്ല, ഗ്രാമീണശിശുക്കൾക്ക് അത്രമാത്രം സുപരിചിതമായ കൃഷി മുഖാന്തിരം മററു വിഷയങ്ങൾ അവരെ എളുപ്പത്തിൽ പഠിപ്പിക്കുവാൻ കഴിയുന്നുവെന്നുള്ളതുകൂടിയാണ് കൃഷി തുടങ്ങിയ വിഷയങ്ങൾ പാഠ്യവിഷയങ്ങളിൽ ഉൾപ്പെടുത്തണമെന്നു പറയുവാൻ കാരണം. ഒരു ഉദാഹരണം പറയാം. തലച്ചോറിനു് ഒരു ആയാസംകൊടുക്കൽ എന്നല്ലാതെ പ്രായോഗിക ദൈനന്ദിനജീവിതത്തിൽ അതിനുള്ള സ്ഥാനം എന്തെന്നു തെല്ലും പരിഗണിച്ചുകൊണ്ടല്ല ഗ്രാമീണവിദ്യാലയങ്ങളിൽ ഇന്നു കണക്കു പഠിപ്പിക്കുന്നതു്. അതുകൊണ്ടു ഗ്രാമീണശിശുക്കളുടെ ഹൃദയത്തെ അതു തെല്ലും ആകർഷിക്കുന്നുമില്ല. ഗ്രാമീണജീവിതത്തിനു അത്യാവശ്യവും അവരുടെ ദൈനന്ദിനഗാർഹികജീവിതത്തിൽ അപരിത്യാജ്യവുമായ വസ്തുക്കളോടും എടപാടുകളോടും ഈ ഗണിതശാസ്ത്രത്തെ സംഘടിപ്പിക്കുന്നതായാൽ അതു ഗ്രാമീണബാലന്മാരുടെ ഹൃദയങ്ങളെ ഹഠാൽ ആകർഷിച്ചേനേ. നഗരത്തിൻെറ നന്മയെ പ്രധാനമായി ഉദ്ദേശിച്ചു നിർമ്മിക്കപ്പെട്ടിട്ടുള്ള നമ്മുടെ പാഠ്യപുസ്തകങ്ങളെയെല്ലാം ഈ ദൃഷ്ടിയിൽക്കൂടി നോക്കുമ്പോൾ അവ ഏററവും ന്യൂനമായി കാണാം. ഈ വിഷയത്തിൽ കൂടുതൽ പ്രവർത്തിക്കണമെന്നു നിങ്ങളിൽ ആരെങ്കിലും ആലോചിക്കുന്നുണ്ടെങ്കിൽ അവർക്കു മാർഗ്ഗദർശികളായി മി. ജെ. സി. ന്യൂമാൻ എഴുതിയ Agricultural Arithmetic എന്ന പുസ്തകത്തേയും മി. ആർ. ആർ. ബ്ളെവററിൻെറ Rural Agricultural Arithmetic എന്ന പുസ്തകത്തേയും ഞാൻ ശുപാർശ ചെയ്യുന്നു. ഇവ രണ്ടും മലയാളത്തിലേയ്ക്കു വിവർത്തനംചെയ്യുക വളരെ എളുപ്പമാണു്.

നമ്മുടെ യഥാർത്ഥമായ സാമുദായികവും സാമ്പത്തികവും രാഷ്ട്രീയവുമായ സ്ഥിതികൾക്കു തീരെ വിരുദ്ധവും വീക്ഷണഗതിയിലും ഘടനയിലും തികച്ചും നഗരപ്രധാനവുമായ നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിനു നാട്ടിൻപുറമെന്നുവെച്ചാൽ നഗരജീവിതത്തിനു കൊഴുപ്പുപിടിപ്പിക്കുവാൻ അവശ്യം ആവശ്യമായ ഒരു രംഗം മാത്രമാണെന്നു കരുതുവാൻ ഒരു വാസനയുണ്ടു്. നഗരത്തിനു വേണ്ട ഭക്ഷണസാമഗ്രി

കരം പ്രദാനം ചെയ്യാൻ ആവശ്യമായ ഒരു വ്യക്തി, അങ്ങിനെ നാഗരിക ഉദ്ദേശ്യസാദ്ധ്യതകളുള്ള ഒരു ഉപകരണം എന്നു മാത്രമായും ഗ്രാമീണൻ ഗണിക്കപ്പെടുന്നു. പ്രജായത്തഭരണബോധമുള്ള ഒരു രാഷ്ട്രീയസംഘടനക്ക് അപരിത്യാജ്യമായ ഗ്രാമീണവും സാമ്പത്തികവുമായ സ്ഥിതികളെ നാം പ്രതീക്ഷിക്കുന്നതിനു മുമ്പു കൃഷകനെപ്പററിയുള്ള ഇത്രയും മോശമായ ഈ മതിപ്പിനെ—അയാൾ കേവലം ചട്ടുകപ്രായമാണെന്ന ഈ അഭിപ്രായത്തെ—പാടെ മാററുകതന്നെ വേണ്ടിവരും. നമ്മുടെ നാട്ടിൻെറ ഐശ്വര്യവും രാഷ്ട്രീയപുരോഗതിയും സുസ്ഥിരമായ അസ്ഥിവാരത്തിന്മേൽ കെട്ടിപ്പടുക്കുവാൻ നാം ആശിക്കുന്നുവെങ്കിൽ, നാളത്തെ ഇന്ത്യൻ ഫെഡറേഷനിൽ ഇന്ത്യയിലെ കൃഷിക്കാരനേയും ഗ്രാമീണ തൊഴിലാളിയേയും അവരവക്കുള്ള സ്ഥാനങ്ങളെ ശരിയായി അർഹിക്കുവാനായി പ്രാപ്തരാക്കണം; ഈ പുതിയ വിദ്യാഭ്യാസമാണു കൃഷകനേയും ഗ്രാമീണ തൊഴിലാളിയേയും ഈ പുതിയ 'സമ്മതിദായകത്വ'ത്തിനു അർഹരാക്കേണ്ടതു്. ഈ പുതിയ വിദ്യാഭ്യാസം—ഞാൻ ഇതിനുമുമ്പു പറഞ്ഞതുപോലെ—കേവലം കാർഷികമായാൽ പോരാ; അതു സാംസ്കാരികവും സാമുദായികവുംകൂടി ആയിരിക്കണം. ഫ്ളോറിഡാ യൂണിവേർസിററിയിലെ പ്രസിഡണ്ട് ആൻഡ്റു സ്ലേഡ് പറഞ്ഞതുപോലെ "ഒരു നല്ല കൃഷിക്കാരനെ ഉണ്ടാക്കുക—അതു് എത്രതന്നെ പ്രയാസമേറിയ ഒരു കൃത്യമാണെങ്കിലും—താരതമ്യേന എളുപ്പമായ ഒരു കൃത്യമാണ്. എന്നാൽ ഒരു നല്ല കൃഷിക്കാരനെ ബുദ്ധിമാനും രാജഭക്തനും ഉൽകൃഷ്ടചിന്താശീലനുമായ ഒരു പൌരനാക്കിയിട്ടും, അയാളെ തൻെറ കൃഷിക്കളത്തിലെ ജീവിതത്തിൽ സംതൃപ്തനാക്കുകയാണു ഗ്രാമീണവിദ്യാഭ്യാസത്തിൻെറ പ്രധാനമായ കൃത്യവും പരമമായ പരീക്ഷണവും. ഈ കൃത്യത്തെയാണ് ഇന്ത്യയിലെ നാളത്തെ വിദ്യാഭ്യാസം ചെയ്യുതീക്കേണ്ടതു്.

ഗ്രാമീണജീവിതത്തെ കരിപിടിപ്പിക്കുന്ന ചില പ്രധാനവസ്തുതകളേയും അവയിൽ ചിലവയെ സ്പർശിക്കുവാൻ വിദ്യാഭ്യാസത്തിനുള്ള അശക്യതയേയും കുറിച്ചു നാം ഇതിനുമുമ്പു ചച്ച്ചെയ്യുകയുണ്ടായി. ഗ്രാമീണബാലനെ കാര്യപ്രാപ്തനായ ഒരു കൃഷിക്കാരനും രാജഭക്തനായ ഒരു പൌരനുമാക്കുവാൻ അഭ്യസിപ്പിക്കുക വിദ്യാഭ്യാസത്തിൻെറ പരിധിയിൽ പെട്ടതുതന്നെ; എന്നാൽ തുച്ഛമായ ലാഭത്തോടും ദുല്ലഭമായ സന്ദർഭങ്ങളോടുംകൂടിയ ആ "കൃഷിക്കളത്തിലെ ജീവിതത്തിൽ സംതൃപ്തനാക്കുക" യാതൊരുതരം വിദ്യാഭ്യാസപ്രസ്ഥാനത്തിനും തികച്ചും സാദ്ധ്യ

മല്ല. എന്നാൽ വിദ്യാഭ്യാസേതരമായി ഗ്രാമങ്ങളിൽ പ്രവൎത്തിക്കുന്ന ചില ശക്തികളെ നാം ഇവിടെ പരിഗണിക്കേണ്ടതുണ്ടു്. ഗ്രാമീണജീവിതത്തെ ഉയൎത്തുകയൊ കെടുത്തുകയൊ ചെയ്യുന്ന അത്തരം ശക്തികൾക്കു വിധേയമായാണു് ഏതൊരു വിദ്യാഭ്യാസപ്രസ്ഥാനവും പ്രയത്നിക്കുന്നതു്. അതുകൊണ്ടു് ഗ്രാമീണജീവിതത്തെ അത്രമാത്രം ബാധിക്കുന്ന ആ വിദ്യാഭ്യാസേതരമായ പ്രവൃത്തികളിൽ താനും ഒരു കൈ കടത്തി, തന്റെ അദ്ധ്യാപകവൃത്തിയെ കുറേക്കൂടെ വിജയകരമാക്കുവാൻ ഗ്രാമീണാദ്ധ്യാപകൻ ശ്രമിക്കുന്നതു ബുദ്ധിപൂൎവ്വമായിരിക്കും. വിദ്യാഭ്യാസംകൊണ്ടും, പ്രാപ്തികൊണ്ടും, സേവനസന്ദൎഭങ്ങൾകൊണ്ടും അനുഗൃഹീതനായ ഗ്രാമീണാദ്ധ്യാപകൻ തന്റെ പ്രവൃത്തിയെ ഗൌരവത്തോടും ആത്മാൎത്ഥമായും ചെയ്യുകയാണെങ്കിൽ അയാൾ യഥാൎത്ഥത്തിൽ ജനങ്ങളുടെ 'ആട്ടിടയൻ' തന്നെയാവും. ഈ ഒരു ആദൎശത്തെ മുൻനിൎത്തിവേണം നിങ്ങൾ ഗ്രാമീണാദ്ധ്യാപകവൃത്തിയിൽ ഏൎപ്പെടുവാൻ.

പ്രകൃത്യാലും, തൊഴിലിന്റെ സ്വഭാവംകൊണ്ടും, കൃഷകൻ ഒരു വ്യക്തിയായി, ഒററതിരിഞ്ഞു നില്ക്കുന്നവനാണു് എന്നു പറഞ്ഞതുകൊണ്ടു് അയാൾ സാമുദായികബോധം തീരെ ഇല്ലാത്തവൻ എന്നല്ല അൎത്ഥം. തന്റെ കാൎയ്യം നോക്കുവാൻ മാത്രമേ അയാൾക്കു സമയമുള്ളു എന്നേ ഇതിനൎത്ഥമുള്ളു. ലോകത്തിലെവിടേയും കൃഷകരിൽ പ്രസ്പഷ്ടമായി കാണുന്ന ആ മുരടിച്ച സ്വാതന്ത്ര്യബുദ്ധിക്കു് അടിസ്ഥാനമായി കാണുന്നതു് ഈ വ്യക്തിത്വമാണെന്നുള്ളതിനു സംശയമില്ല. അത്യാവശ്യസമയത്തു തന്റെ അയൽപക്കക്കാരനെ സഹായിക്കുന്നതിനു കൃഷകന്റെ ഈ സ്വാതന്ത്ര്യബുദ്ധി ഒരു തടസ്ഥമായി വൎത്തിക്കുന്നില്ലെങ്കിലും എല്ലാത്തരം പുരോഗതിക്കും അനിവാൎയ്യമായ സമുദായബോധം, സംഘടനാദാൎഢ്യം, സാമ്പത്തികവും രാഷ്ട്രീയവുമായ സഹകരണം എന്നിവയുടെ അഭാവത്തിനു് അതു കാരണമായിട്ടുണ്ടു്. അതുകൊണ്ടു ഗ്രാമീണശിശുക്കളെ പരസ്പരം സഹകരിക്കുവാൻ പഠിപ്പിക്കേണ്ടതു് അത്യാവശ്യമാണു്. സംഘംചേൎന്നു വേല ചെയ്യുവാൻ പഠിപ്പിക്കുകയും, കാൎഷികമായ സഹകരണത്തിന്റെ തത്വങ്ങളെ ഉപദേശിക്കുകയും ഒരു നല്ല ആരംഭമായിരിക്കും. നഗരത്തോടു താരതമ്യപ്പെടുത്തുമ്പോളും നാട്ടിൻപുറത്തു കണ്ടുവരുന്ന ദൂഷിച്ച വൎഗ്ഗീയബോധത്തിന്റെ അഭാവത്തെ വിദ്യാഭ്യാസപ്രവൎത്തകൻ തികച്ചും ഉപയോഗപ്പെടുത്തേണ്ടതാണു്. നാഗരീകജനതയെ അത്രമാത്രം ഇളക്കിത്തീൎക്കുന്ന വിഭിന്നങ്ങളായ വൎഗ്ഗീയാവകാശ

ങ്ങൾ, തൊഴിൽതാല്പര്യങ്ങൾ എന്നിവ ഗ്രാമത്തിലെ ശാന്തിയെ ഇനിയും അത്ര ഭേദിച്ചിട്ടില്ല. ഇടയ്ക്കിടയ്ക്കുള്ള 'തിരഞ്ഞെടുപ്പുകൾ' ഗ്രാമീണാന്തരീക്ഷത്തിനു വിരുദ്ധമായ ഈർഷ്യാസൂയാദികളെ അവിടേയ്ക്കിറക്കുമതിചെയ്യുവാനായി പര്യാപ്തമായിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ ഭാഗ്യവശാൽ ഗ്രാമീണരുടെ ഹൃദയങ്ങളിൽ ഇനിയും അവ വേരൂന്നിക്കഴിഞ്ഞിട്ടില്ല. പഞ്ചായത്തുതിരഞ്ഞെടുപ്പുകളാണ്—അവയിൽ മത്സരബുദ്ധിക്കു സൌകര്യം കുറേക്കൂടി പരിമിതമാണെങ്കിൽകൂടിയും—ഗ്രാമങ്ങളിൽ കുറേക്കൂടി ക്ഷോഭമുണ്ടാക്കുന്നതു്. പക്ഷെ ഇവിടേയും വ്യക്തികൾ തമ്മിലല്ലാതെ, സമുദായങ്ങൾ തമ്മിലൊ, വർഗ്ഗങ്ങൾ തമ്മിലൊ ഉള്ള സ്പർദ്ധയ്ക്കു സ്ഥാനമില്ല. എന്നാൽ നമ്മുടെ ഗ്രാമത്തിന്റെ പണ്ടത്തെ ആ സാമൂഹ്യസംഘടന ഇന്നു തീരെ നാമാവശേഷമായിരിക്കുന്നു. അതിന്റെ സ്ഥാനത്തു് തത്തുല്യമായ മറ്റൊന്നു സ്ഥാപിക്കുവാൻ നമുക്കു സാധിച്ചിട്ടുമില്ല. തൽഫലമായി അവിടുത്തെ സാമുദായികജീവിതം തീരെ ശകലിതമാവുകയും, പൊതുക്ഷേമത്തിനായി സഹകരിക്കുവാനുള്ള സന്നദ്ധത പിന്നെപ്പിന്നെ അപ്രത്യക്ഷമാവുകയും ചെയ്തിരിക്കുന്നു.

ചരിത്രാതീതകാലങ്ങളിലെ ആ സംഘടനയിലേക്കു തിരിച്ചുപോകുക ഇന്നു ശക്യമൊ ആശാസ്യമൊ അല്ല; എന്നാൽ സാമുദായികമൊ, സാമ്പത്തികമൊ, രാഷ്ട്രീയമൊ ആയ പൊതുക്കാര്യങ്ങളിൽ ഏക ഭാവനയോടും, ഐകമത്യത്തോടുംകൂടി ഗ്രാമീണജനതയെ പ്രവർത്തിപ്പിക്കത്തക്ക ഒരുതരം സംഘടന നാം ഉണ്ടാക്കേണ്ടതാണു്. പരസ്പരം സഹകരിക്കുവാനും ഏകീകരിക്കുവാനുമുള്ള ഒരു വാസന, സന്നദ്ധത, ഉണ്ടെങ്കിലേ ഈ സംഘടന സാധിതമാവുകയുള്ളു. അവ ഉണ്ടാക്കേണ്ട ചുമതല ഗ്രാമീണവിദ്യാലയത്തിന്റേതാണു്. കുട്ടികളെ സംഘം ചേർക്കുവാൻ ഉപകരിക്കുന്ന ഏതൊരു പദ്ധതിയും സ്വീകാര്യമത്രേ. പഠിപ്പിലും, കളിയിലും, സ്കൂളിലെ സാഹിത്യസഭകളിലും, നാടകവേദികളിലും, സ്കൂൾ തോട്ടത്തിലും അവർ സങ്കോചം വിട്ടു കൂടിക്കലരട്ടെ. നിവൃത്തിയുള്ളേടത്തോളം വ്യക്തിമാത്സര്യത്തിന്റെ സ്ഥാനത്തു സംഘസഹകരണത്തെ പോഷിപ്പിക്കുക. മത്സരവും, ആരോഗ്യകരങ്ങളായ ആയാസങ്ങളും, അത്യാവശ്യങ്ങളായ ഇടങ്ങളിൽ ആ മത്സരങ്ങൾ വ്യക്തികൾ തമ്മിലല്ലാതെ കുട്ടികളുടെ സംഘങ്ങൾ തമ്മിലാക്കുവാൻ ശ്രമിക്കുക. ആത്മാർത്ഥമായി പരിശ്രമിക്കുകയും, ബുദ്ധിപൂർവ്വം നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ സംഘം തിരിഞ്ഞുള്ള

കളികൾ, സ്കൗട്ടിങ്ങ്, തുടങ്ങിയവ വളരെ ഗുണം ചെയ്യുന്നതായി കാണാം. സാമുദായിക സഹകരണത്തിന്റെ ഈ പ്രായോഗിക പാഠങ്ങളെ കുറെക്കൂടി ആസ്വാദ്യവും വിജയകരവുമാക്കുവാനായി കാർഷികവും, വ്യാവസായികവും, രാഷ്ട്രീയവുമായ സഹകരണത്തിന്റെ തത്വങ്ങളെപ്പററി അവക്ക് ഉപദേശിക്കുക. ഇംഗ്ലണ്ടു മുതലായ രാജ്യങ്ങളിലേതുപോലെ രാഷ്ട്രീയമായ ജനപ്രാതിനിധ്യസ്ഥാപനങ്ങൾ നമ്മുടെ നാട്ടിൽ അത്ര വിജയകരമായി പ്രവൎത്തിക്കാത്തതിന്റെ കാരണം നമ്മുടെ പ്രജായത്തഭരണബോധം ഏറിയകൂറും കേന്ദ്രങ്ങളിലെ നിയമസഭകളുടെ നാലു ചുമരുകളുടെ ഉള്ളിൽമാത്രമേ തങ്ങിനില്ക്കുന്നുള്ളു എന്നുള്ളതാണ്. ഗ്രാമങ്ങളിൽനിന്നും താദൃശസ്ഥാപനങ്ങളുടെ സഹായമില്ലെങ്കിൽ കേന്ദ്രത്തിൽ മാത്രം കെട്ടിനില്ക്കുന്ന പ്രാതിനിധ്യ സ്ഥാപനങ്ങൾ പരാജയപ്പെടുകതന്നെ ചെയ്യും. ഇതിനെപ്പററി എന്റെ സ്വന്തം അഭിപ്രായമെന്താണെന്നു വെച്ചാൽ, നിങ്ങളുടെ പഞ്ചായത്തു തുടങ്ങിയ തദ്ദേശീയസ്ഥാപനങ്ങൾ സംഘടനയിലും വീക്ഷണഗതിയിലും തികച്ചും പ്രജായത്തഭരണബോധമുള്ളവയാവുന്നതുവരെ, നിങ്ങളുടെ നിയമസഭകൾ നിങ്ങളുടെ നാട്ടിനെയാവട്ടെ, നിങ്ങളെയാവട്ടെ ശരിയായി പ്രതിനിധീകരിക്കുന്നില്ലെന്നാണ്. കുരുന്നുഹൃദയങ്ങളിൽ സഹകരണത്തിന്റെ സൌന്ദൎയ്യത്തെപ്പററി സുദൃഢമായ ബോധം സഞ്ജാതമാക്കുകയും ക്ലാസ്സുമുറികളിലും കളിപ്പറമ്പുകളിലുംവെച്ചു അതിന്റെ പ്രായോഗികവശങ്ങളിൽ അവരെ അഭ്യസ്തവിദ്യരാക്കുകയും ചെയ്യുക. അങ്ങിനെ ഗ്രാമങ്ങളിൽ സഹകരണബോധം ഉളവാക്കുന്നതിലും തദ്വാരാ പ്രാതിനിധ്യസ്ഥാപനങ്ങളുടേയും ഉത്തരവാദിത്വമുള്ള ഗവൎമ്മേണ്ടിന്റേയും സുസ്ഥിരമായ സ്ഥാപനത്തിലും ഗ്രാമീണാദ്ധ്യാപകന്മാക്ക് അതിപ്രധാനമായ ഒരു സ്ഥാനമുണ്ട്.

ഗ്രാമീണജീവിതത്തിന്റെ സാമ്പത്തിക വശങ്ങളോടുള്ള നിങ്ങളുടെ ചുമതല സ്കൂളിനോടുകൂടി അവസാനിക്കുന്നില്ല. രക്ഷിതാക്കന്മാരുടെ കാൎയ്യത്തെക്കൂടി മനസ്സുവെക്കുകയും അവക്കായി നിശാപാഠശാലകൾ ഏൎപ്പെടുത്തുകയും വിദ്യാഭ്യാസത്തിന്റേയും നിരക്ഷരത്വത്തെ ഓരോ പടിക്കൽനിന്നും നിൎമ്മാൎജ്ജനം ചെയ്യേണ്ടതിന്റേയും അത്യാവശ്യത്തെപ്പററി അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യില്ലെങ്കിൽ നിങ്ങളുടെ പരിശ്രമങ്ങൾ ഏറിയകൂറും ഫലശൂന്യങ്ങളായേക്കും. പരസ്പരം സഹകരിക്കുവാൻ ശീലിപ്പിക്കുകയും അക്കൂട്ടത്തിൽതന്നെ അവരെ പഠിപ്പിക്കുകയും

ചെയ്യുക. അങ്ങിനെ രക്ഷിതാക്കളെക്കൂടി നിങ്ങൾ വിശ്വസിക്കയാണെങ്കിൽ കുറച്ചുകൊല്ലങ്ങൾക്കുള്ളിൽ അദ്ധ്യാപകന്മാരെന്ന നിലക്കുള്ള നിങ്ങളുടെ പ്രവൃത്തി കുറേക്കൂടി ലഘുവായിത്തീരും. അവരുടെ കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുന്നതിൽ മാത്രമല്ല, രോഗികളെ ശുശ്രൂഷിക്കുന്നതിൽ, അവരുടെ ഗൃഹങ്ങളെ ശുചിയും സുന്ദരവുമാക്കിത്തീർക്കുന്നതിൽ, അവരുടെ കൃഷിയും കച്ചവടവും ക്ഷേമോന്മുഖമാക്കിത്തീർക്കുന്നതിൽ നിങ്ങളുടെ ഉപദേശങ്ങളും, സഹായങ്ങളും നൽകി കർഷകജനതയെ സേവിക്കുവാൻ നിങ്ങൾ മുതിരുകയാണെങ്കിൽ, അദ്ധ്യാപകന്മാരെന്ന നിലക്ക് ഇന്നു വളരെ നഷ്ടപ്പെട്ടിട്ടുള്ള ആ ബഹുമതി നിങ്ങൾക്കു തിരിച്ചുകിട്ടുന്നതാണ്.

ഈ ഘട്ടത്തിൽ, ഗ്രാമീണവിദ്യാലയങ്ങളിലെ അദ്ധ്യാപകവൃത്തിയിൽ നിങ്ങൾക്കു സഹായമായി വർത്തിച്ചേക്കാവുന്ന ചില സൂചനകളെ നല്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഗ്രാമീണവിദ്യാലയങ്ങളുടെ ഘടനയേയും പഠനപരിപാടിയേയും പററിയാണു ഞാൻ പറയുന്നത്. ഞാൻ മുമ്പു പറഞ്ഞതുപോലെ, അനാഗരികമായൊരു ഘടനയും പഠനപരിപാടിയുമാണു നമ്മുടേത്. എന്നാൽ നഗരത്തിലെ വിദ്യാലയങ്ങളിൽകൂടി കൃഷി ഒരു പാഠ്യവിഷയമാണല്ലോ എന്നും, അവിടങ്ങളിൽകൂടി കൈത്തൊഴിൽ വിദ്യാഭ്യാസത്തിനു് ഒരു സ്ഥാനം കാണുന്നില്ലല്ലോ എന്നും നിങ്ങൾ എന്നോടു പറയുമായിരിക്കും. എന്നെ സംബന്ധിച്ചേടത്തോളം പറയുകയാണെങ്കിൽ, വിദ്യാഭ്യാസകോഡുകളിലും, സർക്കുലറുകളിലും ഞാൻ തീരെ വിശ്വസിക്കാതായിട്ടുണ്ട്. അദ്ധ്യാപകൻെറ വ്യക്തിഗതമായ പ്രാപ്തികളും, ബുദ്ധികളും, സഹിഷ്ണുതകളും, വിദ്യയഭ്യസിപ്പിക്കുന്നതിൽ അയാൾക്കു പ്രചോദനമായി നില്ക്കുന്ന വികാരങ്ങൾക്കുമാണു ഞാൻ കൂടുതൽ പ്രാധാന്യം കല്പിച്ചുകൊടുക്കുന്നത്. ഇംഗ്ലണ്ടിൽ ഔദ്യോഗികമായി ഒരു വിദ്യാഭ്യാസവകുപ്പ് ആരംഭിച്ചതിനെ പ്രതിഷേധിച്ചുകൊണ്ടും അതിൻെറ 'എന്തിനും പോരു'മെന്ന ഭാവത്തെ അവഹേളിച്ചുകൊണ്ടും പറയുന്ന കൂട്ടത്തിൽ മി. എഫ്. ഡി. മോറിസ്സ് ഇങ്ങനെ പറയുന്നു. "പാർലിമെൻറിൻെറ ആക്ടുപ്രകാരം മാത്രമേ നിങ്ങൾ സ്നേഹിക്കുകയും കൌൺസിലിൻെറ കല്പനപ്രകാരം മാത്രമേ ആലിംഗനം ചെയ്യുകയും പാടുള്ളു എന്നായിരിക്കും ഗവമ്മേണ്ടിൻെറ കാര്യപരിപാടിയിലെ ഇനിയത്തെ ഉത്തരവു." ഈ കൎശനമായ വിമൎശനം ആ സന്ദൎഭത്തിൽ അന്യായമായിരുന്നെങ്കിലും, വിദ്യാഭ്യാസംപോലെ അത്ര വിപു

ലവും വ്യാപകവുമായ ഒരു ദേശീയസേവനത്തെ സംബന്ധിച്ചേടത്തോളം ഏതൊരുതരം പരിഷ്കാരത്തിൻേറയും കല്പനകളുടേയും പരമാവധിയായ വിജയം അവയെ നടപ്പിൽ വരുത്തേണ്ടുന്ന അദ്ധ്യാപകന്മാരുടെ പ്രാപ്തിയേയും ഉത്സാഹത്തേയും ആത്മാൎത്ഥതയേയും ആശ്രയിച്ചാണിരിക്കുന്നതെന്നു് എനിക്കു പറയാതെ നിവൃത്തിയില്ല. പഠിപ്പിക്കുന്നതിൽ, പ്രത്യേകിച്ചും ഗ്രാമീണശിശുക്കളെ പഠിപ്പിക്കുന്നതിൽ, നിങ്ങളുടെ വ്യക്തിപ്രഭാവത്തെ തികച്ചും നിങ്ങൾ പ്രസ്പഷ്ടമാക്കേണ്ടതുണ്ടു്. നഗരത്തിലെ വിദ്യാലയങ്ങളിലും കൃഷി പഠിപ്പിക്കുന്നുവെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ അതുകൊണ്ടു് ആൎക്കും യാതൊരുവക ഗുണവും ഉണ്ടാവാൻ വയ്യാത്തവിധത്തിലാണ് അതു് അവിടെ പഠിപ്പിക്കുന്നതു്. വെറും പരീക്ഷയ്ക്കുള്ള മറെറാരു വിഷയംകൂടി എന്ന നിലക്കു് പഠിപ്പിക്കപ്പെട്ടുന്നേടത്തോളംകാലം അതു ഭീമമായ ഒരു പരാജയമാവാതെ നിവൃത്തിയില്ല. "മട്രിക്കുലേഷനിൽനിന്നും കൃഷി എന്ന വിഷയത്തെ മാററി നിൎത്തുക. ക്ലാസു്മുറിയിൽനിന്നു് അതിനെ ബഹിഷ്കരിക്കുക. ആരോഗ്യകരവും ആനന്ദപ്രദവുമായ ഒരു വിഹാരമെന്ന നിലയ്ക്കു് വിദ്യാൎത്ഥികളാൽ അതു ഗണിക്കപ്പെടട്ടെ. ഹൈസ്കൂളുകളിൽ കൃഷി ഭൂമിശാസ്ത്രത്തിൻെറ സ്ഥാനത്തെയല്ല, ഹോക്കിയുടേയും ഫുട്ബോളിൻേറയും സ്ഥാനത്തെയാണു് അൎഹിക്കുക" * പഠിപ്പിക്കുമ്പോൾ ഫലസിദ്ധിയുള്ള മാൎഗ്ഗത്തെ നന്നാക്കുവാൻ മാത്രമല്ല, സിദ്ധിക്കുന്ന ഫലത്തെ നന്നാക്കുവാൻകൂടി മനസ്സുവെക്കേണ്ടതുണ്ടു്. എന്തുകൊണ്ടെന്നാൽ, തൊഴിൽസംബന്ധിയായ വിഷയങ്ങളെ പഠിപ്പിക്കുമ്പോൾ ഫലത്തെ പരിശ്രമത്തിൽനിന്നും വേർതിരിക്കുന്നതു കൊടിയതായ ഒരു തെററത്രെ.

ഗ്രാമീണവിദ്യാലയങ്ങളിലെ പഠനപരിപാടികളിൽനിന്നും പൌരധൎമ്മം ഇന്നു തീരെ ഒഴിച്ചുനിൎത്തപ്പെട്ടിരിക്കുന്നു. ലിംഗശാസ്ത്രമെന്നതുപോലെ പൌരധൎമ്മവും പഠിപ്പിക്കുകയാണെങ്കിൽ നല്ലവണ്ണം പഠിപ്പിക്കണം. എന്തുകൊണ്ടെന്നാൽ അശാസ്ത്രീയമായ പഠിത്തം സമുദായത്തിൻെറ വ്യക്തിയിലും സാമൂഹ്യജീവിതത്തിലും നാശകരങ്ങളായ ഫലങ്ങളെ ഉളവാക്കുന്നു. വില്ലേജ്ഭരണം, ഗ്രാമീണബാലൻേറയും ബാലികയുടേയും ചുമതലകളും അവകാശങ്ങളും, പഞ്ചായത്തു തുടങ്ങിയ ഗ്രാമീണ സ്ഥാപനങ്ങളുടെ ഘടനയും അധികാരവും എന്നിവയെപ്പററി ശരിയായ ജ്ഞാനം, നമ്മുടെ നാട്ടിലെ പൊതുവെയുള്ള ഭരണസമ്പ്രദായ

* Rural Education in England and in the Punchab.

ത്തെപ്പററി ഒരു സാമാന്യമായ അറിവ് എന്നിവ ഗ്രാമീണബാലികാബാലന്മാൎക്കുണ്ടായിരിക്കേണ്ടതു വളരെ അത്യാവശ്യമാണ്. നമ്മുടെ സ്റ്റേയിററിൻെറ അഞ്ചേ അററത്തെ കോണുകളെക്കൂടി പ്രാപിച്ചിട്ടുള്ളതും, തൊഴിലാളികളുടെ കൂടി സായംകാലവിശ്രമവേളകളെ കുറെക്കൂടി ആനന്ദകരങ്ങളാക്കുന്നവയുമായ ദിനപത്രത്തിൽ പ്രതിപാദിക്കപ്പെടുന്ന വൎത്തമാനങ്ങളെ ശരിയായി ആസ്വദിക്കണമെങ്കിൽ ഈ അറിവൊന്നുംകൂടാതെ സാദ്ധ്യമല്ല. ഈ വിലകുറഞ്ഞ വൎത്തമാനപത്രങ്ങളാണ് വളരെ ദഹിക്കാത്ത ചിന്തകൾക്കും ദുഷിച്ച വൎഗ്ഗീയബോധത്തിന്നും നാട്ടിലെ മററ പല കുഴപ്പങ്ങൾക്കും കാരണമെന്നു പറയുവാൻ ചില വിമൎശകന്മാൎക്കു വാസനയുള്ളതായി കാണാറുണ്ട്. എന്നാൽ നാം, അദ്ധ്യാപകന്മാർ അതിനെ മറെറാരു തരത്തിലാണു വ്യാഖ്യാനിക്കുന്നതു്. ഈ വിലകുറഞ്ഞ പത്രങ്ങൾ നമ്മുടെ ഉററബന്ധുക്കളത്രെ. എന്തുകൊണ്ടെന്നാൽ വായിക്കുവാനുള്ള ഒരു മോഹത്തെ അ:തു ജനങ്ങളിൽ ഉളവാക്കുകയും അതിനെ നിലനിറുത്തിക്കൊണ്ടുപോരികയും ചെയ്യുന്നു. ഒരു അമേരിക്കൻ അദ്ധ്യാപകൻ ഇതിനെപ്പററി പറയുന്നതു് വളരെ ശ്രദ്ധേയമാണ്: "സാഹിത്യം നാശോന്മുഖമാണെന്നു പറയുവാൻ ചില വിമൎശകന്മാൎക്കു പ്രേരകങ്ങളായ വില കുറഞ്ഞ നോവലുകൾ, മാസികകൾ, പത്രങ്ങൾ എന്നിവ യഥാൎത്ഥത്തിൽ ആശാജനകങ്ങളാണ്. സ്കൂൾ വിട്ടു പോകുമ്പോൾ വായിക്കുവാൻ ശീലമുള്ളവരും എന്നാൽ പ്രായേണ തീരെ വായിക്കാത്തവരുമായ വിദ്യാൎത്ഥികൾ ഇന്നു വളരെ ആനന്ദത്തോടുകൂടി വായിച്ചുതുടങ്ങിയിരിക്കുന്നു." * വിലകുറഞ്ഞ പത്രങ്ങൾ ഇങ്ങനെ വളരെ ആശാസ്യമായ ചില ഫലങ്ങളെ പ്രദാനം ചെയ്യുന്നുവെങ്കിലും അവയോടു വളരെ ബുദ്ധിപൂൎവ്വം വേണം പെരുമാറുവാൻ. ബാലഹൃദയങ്ങളെയോ മുതിൎന്നവരുടെ ഹൃദയങ്ങളെത്തന്നെയോ അവ വളരെ അധികം സ്വാധീനപ്പെടുത്തുവാൻ അനുവദിക്കാതിരിക്കണം. 'പത്രംകൊണ്ടു വിഡ്ഢിയാക്കപ്പെടുവാൻ കഴിയാത്തവൻ' എന്നു് ഒരു അഭ്യസ്തവിദ്യനെ ഒരു നവീന പത്രപ്രവൎത്തകൻ വ്യാഖ്യാനിച്ചതിൽ തീൎച്ചയായിട്ടും കുറെ വാസ്തവമുണ്ട്. കേന്ദ്രഗവൎമ്മേണ്ടിൽനിന്നും വളരെ വിദൂരവൎത്തികളായ ഗ്രാമീണവിദ്യാലയങ്ങളുടെ പഠനപരിപാടിയിൽ ശരിയാംവണ്ണം പഠിപ്പിക്കപ്പെടുന്ന പൌരധൎമ്മം ഒഴിച്ചുകൂടാത്ത ഒരു വിഷയമാണ്. രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പു് അരിസ്റേറാട്ടൽ

---

* Ruth weeks.

പറഞ്ഞതുപോലെ സുസംഘടിതമായ ഒരു സമുദായത്തിൽ ഒരു നല്ല മനുഷ്യൻ എന്നു പറഞ്ഞാൽ ഒരു നല്ല പൌരൻ എന്നാണു അൎത്ഥം. പൌരബോധത്തോടുകൂടി അവർ വളൎന്നുവരത്തക്കവണ്ണം ഗ്രാമീണബാലികാബാലന്മാരെ നിങ്ങൾ വിദ്യ അഭ്യസിപ്പിക്കണം.

സാധാരണ ഗ്രാമീണവിദ്യാലയങ്ങളിലെ ഇടുങ്ങിയതും കാൎയ്യമാത്രവുമായ ദൈനംദിന ജീവിതത്തിൽ വിസ്മരിച്ചേക്കാവുന്നതായ വിദ്യാഭ്യാസത്തിന്റെ ചിന്താപരവും കലാപരവുമായ വശങ്ങളിലേയ്ക്കു നിങ്ങളുടെ പ്രത്യേകശ്രദ്ധ പതിയേണ്ടതിന്റെ അത്യാവശ്യകതയെപ്പററി ഒരിക്കൽകൂടി പറഞ്ഞുകൊണ്ടു ഞാൻ ഈ ഉപന്യാസത്തെ ഉപസംഹരിക്കുന്നു. സാധാരണമായി എപ്പോഴും തന്റെ ഉപജീവനവൃത്തിയിൽ ദത്തശ്രദ്ധനായ കൃഷകൻ പരിഷ്കൃതജീവിതം നയിക്കുവാൻ അത്യാവശ്യമായ ജീവിതത്തിലെ ചില സുകുമാരവശങ്ങളെക്കൂടി മനസ്സിലാക്കേണ്ടതിലേയ്ക്കു നിങ്ങൾ സൎവ്വഥാ ശ്രമിക്കേണ്ടതാണ്. നഗരത്തിൽ വളരെ സാധാരണമായ ഒരു വരുമാനവും ഒഴിവുസമയവും മാത്രമുള്ള ഒരു മനുഷ്യനു ലഭിക്കുന്ന ആനന്ദവേളകൾ ഒന്നുംതന്നേയും നാട്ടിൻപുറത്തെ ജീവിതത്തിൽ കേവലം അലഭ്യമാണ്. ഈ ഗ്രാമീണൎക്ക് അവരുടെ ഇടയിൽതന്നെ അത്തരം സന്ദൎഭങ്ങളും സൌകൎയ്യങ്ങളും ഉണ്ടാക്കിക്കൊടുക്കണം. ഗ്രാമീണനെ ഇന്നും ഒരു വിഡ്ഢി എന്നു പറഞ്ഞു നഗരം കളിയാക്കാറുണ്ട്. എന്നാൽ ഗ്രാമീണശിശുക്കളേയും അവരുടെ മാതാപിതാക്കളേയും നേരിട്ടറിയുവാൻ ഭാഗ്യം ലഭിച്ച നമ്മളിൽ ചിലൎക്ക് ഈ കളിയാക്കലിന്റെ അൎത്ഥമില്ലായ്മയേയും ഹൃദയശൂന്യതയേയും വളരെ വേഗം മനസ്സിലാക്കുവാൻ കഴിയും. അഥവാ പാവപ്പെട്ട ഗ്രാമീണൻ വല്ലപ്പോഴും വിഡ്ഢിവേഷംകെട്ടുന്നുവെങ്കിൽ, യാതൊരു സാമാന്യവിദ്യാഭ്യാസത്തിന്റെ അഭാവത്തിങ്കൽ ഈ നാഗരീകനും ഈ വിമൎശകനും വെറും പരിഷ്കൃതരായ കാടന്മാർ മാത്രം ആയേനേയോ, ആ സാമാന്യവിദ്യാഭ്യാസത്തിന്റെ മെച്ചങ്ങൾ അവനു് നിഷേധിക്കപ്പെട്ടതുകൊണ്ടത്രെ. ഈ പഴി പറച്ചിൽ ഇല്ലാതാക്കുവാൻ വേണ്ടിയാണു ഗ്രാമീണശിശുവിനു് സാംസ്കാരികമായ ഒരു വിദ്യാഭ്യാസം മാത്രമല്ല അവനെ ചിന്താശീലനും സംസ്കൃതചിത്തനുമായ ഒരു മാന്യനും രാജഭക്തനും ആത്മാഭിമാനിയുമായ ഒരു സമുദായാംഗവുമായി വളൎത്തിക്കൊണ്ടുവരുവാൻ പൎയ്യാപ്തമായ എല്ലാത്തരം സാമൂഹ്യവും കലാപരവുമായ പരിശ്രമവിശ്രമങ്ങളിൽ ഏൎപ്പെടുവാൻ അവനു് എല്ലാത്തരം സൌകൎയ്യങ്ങളും സന്ദൎഭങ്ങളും ഉണ്ടാക്കിക്കൊടുക്കണമെന്നു ഞാൻ പറയുന്നതു്.

ജീവിതം ജീവിതസമ്പാദനമാർഗ്ഗങ്ങളേക്കാൾ വിപുലതരമത്രെ. മാർഗ്ഗങ്ങളെ തേടിക്കൊണ്ടുള്ള നിരന്തരമായ ആത്മത്യാഗത്തെ പരമമായ ഫലത്തെ ആസ്വാദിക്കുവാൻ ഒരു സന്ദർഭംപോലും ലഭിക്കുന്നില്ലെങ്കിൽ അതു തുലോം പരിഹാസ്യംതന്നെ. അതുകൊണ്ടു് അപ്രാപ്യങ്ങളായ ചില ഉദ്ദേശങ്ങളെ മുൻനിർത്തി നിർമ്മിതമായ ഒരു പഠനപരിപാടിയെ അക്ഷരംപ്രതി അനുവർത്തിച്ചുകൊണ്ടുള്ള ഏതൊരു ഗ്രാമീണവിദ്യാഭ്യാസ പദ്ധതിയേയും ഞാൻ നിരസിക്കുന്നു. വികാരപരവും കലാപരവുമായ വളർച്ചക്കുള്ള സന്ദർഭങ്ങളെ തീരെ ചവിട്ടിമെതിച്ചുകൊണ്ടുള്ള ഒരു പഠനപരിപാടിയാണു നമ്മുടെ ഇന്നത്തേതു്. നമ്മുടെ സ്റ്റേററിലെ ലോവർ സെക്കണ്ടറി സ്കൂളുകളിൽ ഡ്രായിങ്ങുമാസ്റ്റർ ഇല്ലാത്ത സ്കൂളുകളും പാട്ടുമിസ്ട്രസ്സുമാരില്ലാത്ത പെൺപള്ളിക്കൂടങ്ങളുമുണ്ടു്. ഈ വിഷയത്തിൽ നിങ്ങളോടു്, അദ്ധ്യാപകന്മാരോടു്, ഞാൻ ഉപദേശിക്കുന്നതു് ഇതാണു്: അതിന്റെ ആന്തരമായ സൌന്ദര്യബോധത്തിന്റെ പരിപൂർണ്ണമായ വികാസത്തിന്നു്, പൂർണ്ണമായ പ്രവൃത്തിസ്വാതന്ത്ര്യത്തിന്നു് ഗാനത്തിൽകൂടിയും അഭിനയത്തിൽകൂടിയും ചിത്രപ്പണിയിൽകൂടിയും തോട്ടപ്പണിയിൽകൂടിയും ആത്മപ്രകാശത്തിന്നു് ഓരോ ഗ്രാമീണശിശുവിനും വേണ്ട സൌകര്യസന്ദർഭങ്ങൾ കൊടുക്കുക; പഠനപരിപാടിയെ തൃപ്തിപ്പെടുത്തുവാൻവേണ്ടി കുരുന്നുഹൃദയങ്ങളെ അടിമപ്പെടുത്താതിരിക്കുക; ആത്മശൂന്യമായ, മൊരമ്പിച്ച, അച്ചടക്കത്തിന്റെപേരിൽ കൊച്ചുകൈകൾക്കു ആമംവെക്കാതിരിക്കുക; യാതൊരു ലോകത്തിലേക്കു് അതു് ഒരു നവാതിഥിയോ ആ ലോകത്തെ യാതൊരു പൈതൃകസ്വത്തിനു് അതു് അവകാശിയോ ആ ആത്മീയസ്വത്തിനെ മനസ്സിലാക്കുവാൻ ആ വികസ്വരമായ ബുദ്ധിയെ സഹായിക്കുക; ജീവിതസൌന്ദര്യത്തിന്റേയും പൂർണ്ണതയുടേയും ആസ്പദങ്ങളായ വിചാരങ്ങളേയും വികാരങ്ങളേയും ത്വരിതപ്പെടുത്തുക; എല്ലാതരം സൃഷ്ടിപരങ്ങളായ കൃത്യങ്ങളിൽ ഏർപ്പെടുമ്പോഴും കുഞ്ഞിക്കൈകൾ ആനന്ദമത്തമാകട്ടെ! എന്തുകൊണ്ടെന്നാൽ, സംസ്കാരവും പരിഷ്കാരവും വള്ളോൽത്തുറവിന്റെ ചാരത്തും അനന്തമായ നീലപുഷ്കരത്തിന്റെ ചുവട്ടിലും കാണപ്പെടുന്നുവെങ്കിൽകൂടി അവ പാതകങ്ങളല്ല!

# ശാസ്ത്രീയഗതി എവിടേക്കു്. *

—മുല്ലോത്ത് വി. നാരായണമേനോൻ.

ശാസ്ത്രീയപുരോഗമനം, ലോകനിഗ്രൂഢതത്വങ്ങളെ ആരാഞ്ഞറിഞ്ഞു യഥാർത്ഥതത്വങ്ങളെ കണ്ടുപിടിക്കുവാൻ മനുഷ്യനു പൂർവ്വാധികം സഹായമായിത്തീർന്നിട്ടുണ്ടെങ്കിലും വാസ്തവതത്വങ്ങളുടെ സമ്പൂർണ്ണമായ ഒരു നിർവ്വചനം ശാസ്ത്രസിദ്ധാന്തങ്ങളിൽനിന്നുമാത്രം ലഭ്യമാകുന്നതല്ലല്ലോ. ജീവിതത്തേയും അതിന്റെ ആന്തരമായ ഉദ്ദേശത്തേയും പ്രവർത്തനത്തേയും വെളിവാക്കി തന്റെ പരിസരത്തേയും ലോകത്തെത്തന്നേയും ഏറെക്കുറെ ശരിയായി മനുഷ്യനെ മനസ്സിലാക്കുവാൻ സഹായമായി വർത്തിക്കുന്ന അധുനാതനകാലത്തിന്റെ ഒരു മഹത്തായ അപദാനമാണു ശാസ്ത്രമെന്നു പറയാം. ലോകത്തിലെ വിവിധപ്രവർത്തനങ്ങളേയും അവയെ വഴിയാംവിധത്തിൽ നിയന്ത്രിച്ചുകൊണ്ടുപോകുന്ന ശക്തിയേയും കുറിച്ചു ലോകാരംഭംമുതൽ പഠിച്ചും പര്യാലോചിച്ചും വർത്തിച്ചിട്ടുള്ള വ്യക്തികളുടെ കണ്ടുപിടുത്തങ്ങളുടേയും അതിന്നായി അവർക്കു് അനവരതം അനുസരിക്കേണ്ടിവന്നിട്ടുള്ള നിയമങ്ങളുടേയും ഒരു ക്രോഡീകരണമാണു ശാസ്ത്രം എന്നു പറയാവുന്നതാണു്. യഥാർത്ഥതത്വാന്വേഷണത്തിന്നുള്ള ഒരേ ഒരു പാത ശാസ്ത്രംമാത്രമാണെന്നു പറയുന്നതു മുഴുവൻ ശരിയല്ലെന്നിരിക്കിലും അതും തത്വാന്വേഷികൾക്കു് ഒരു വിധത്തിലും ഒഴിച്ചുവിടുവാൻ നിവൃത്തിയില്ലാത്ത ഒരു പ്രധാന ഘടകമാണു്.

ശാസ്ത്രം അതിന്റെ ഉത്ഭവകാലംമുതൽ പല സരണികളിൽകൂടി പുരോഗമനം സാധിക്കയും പല പല പുതിയ തത്വങ്ങളെ കണ്ടുപിടിക്കയും ചെയ്തിട്ടുണ്ടു്. കാക്കപ്പൊന്നിൽനിന്നു കാഞ്ചനത്തേയും മിഥ്യാബോധത്തിൽനിന്നു യഥാർത്ഥതത്വരത്നങ്ങളേയും വേർതിരിച്ചെടുക്കുവാൻ വേണ്ട പല പ്രശ്നങ്ങളും ചോദിക്കയും പലവിധത്തിൽ പലേടത്തും ആരായുകയും ചെയ്തിട്ടുണ്ടു്. അതിന്റെ ഈ മാർഗ്ഗയണം ഹേതുവായി പ്രകൃതിയുടെ കലവറകളിൽ പൊടിപററി പല കാലം മങ്ങിക്കിടന്നിരുന്ന നിരവധി വിലപിടിച്ച വസ്തുക്കളെ അതു വെളിയിൽ കൊണ്ടുവന്നിട്ടുമുണ്ടു്. എന്നാൽ ശാസ്ത്രം പൂർവ്വാധികം അഭിവൃദ്ധി പ്രാപിച്ചുവരികയും പലതും കണ്ടുപിടിച്ചു് ഏകദേശം ഇഷ്ടിരഹസ്യവുമായി അഭിമുഖമായി വരികയും ചെയ്തപ്പോളാണു ശാസ്ത്രനിഘണ്ടുവിൽ വാക്കു പോരെന്നായതു്.

---

* ഒരു സ്വതന്ത്രവിവർത്തനം.

"ഈശ്വരകല്പിതമാണു ലോകം. ആ മഹൽശക്തിയുടെ ബഹിർസ്ഫുരണമാണു നിയതിയെ നിയന്ത്രിക്കുന്നതും അതിന്നടിസ്ഥാനവുമായ തത്വം" എന്ന നിർവ്വചനംകൊണ്ടു തൃപ്തിപ്പെടേണ്ടതായി വന്നിരിക്കുന്നു അപ്പോൾ ശാസ്ത്രപടുക്കൾക്കു്.

ലോകത്തെ ഭരിക്കുന്ന ആ നിയമം 'ബ്രഹ്മൻവിഷ്ണുമഹേശ്വരൻ മുതലെറുമ്പോളം സമസ്ത'ങ്ങളേയും ഒരുപോലെ നിയന്ത്രിക്കുന്നതും വിപുലവുമായ ഒന്നാണു്. വിജ്ഞാനത്താലും അനവരതമുള്ള പ്രയത്നത്താലും മാത്രമേ മാനവനു ആ തത്വത്തെ അല്പമെങ്കിലും അധിഗമനം ചെയ്യുവാൻ സാധിക്കയുള്ളു. സർവ്വജ്ഞത്വവും സർവ്വശക്തത്വവുമാണു് ആ നിയമമെന്നു മാത്രമല്ല, പരിധികളാൽ സങ്കുചിതവുമല്ല. ആകയാൽ ആ മഹൽനിയമത്തെ സമഷ്ടിയായി ആരാഞ്ഞറിയുവാൻ ആകാംക്ഷയുള്ള വ്യക്തികളുടെ വിജ്ഞാനവും പരിമിതരഹിതമായിരിക്കുന്നെങ്കിൽമാത്രമേ ഉദ്ദേശിച്ച ഗുണം മുഴുവൻ കരഗതമാകയുള്ളു. നാളതുവരെ ഉണ്ടായിട്ടുള്ള യാതൊരു നരനും അപ്രകാരമുള്ള ഒരു വ്യക്തിയാകായ്കയാലാണു് ആ ലോകമഹാനിയമത്തിലെ സകല വകുപ്പുകളും ചട്ടങ്ങളും അയാൾക്കു സുജ്ഞാതമാകാതിരിക്കുന്നതു്.

ലോകത്തിൽ ആദ്യന്തം പരിലസിക്കുന്ന ഒരു നിയമം പരിണാമവാദമാണു്. പരിണാമത്തിൻെറ പരമകാഷ്ഠയിൽ മാനവൻ എത്തുമ്പോൾ അവൻെറ മനസ്സും ഏകദേശം മുൻപറഞ്ഞ പരിധിയിലെത്തുവാൻ സാധിക്കുമത്രെ. പരിണാമദശയിൽ മേലെപ്പടിയിൽ എത്തുന്നതോടുകൂടി അപ്രകാരമുള്ള വ്യക്തിയുടെ ചിത്തം വളരെ അധികം വിസ്തൃതമായിത്തീരുകയും അതു ഹേതുവായി ആ ചിത്തത്തെ സൃഷ്ടിച്ചതും നിയന്ത്രിക്കുന്നതുമായ ആന്തരശക്തിയെക്കൂടി മനസ്സിലാക്കുവാൻ അതിനു സാധിക്കുകയും ചെയ്യും.

സൃഷ്ടിക്കു ദക്ഷനായി വർത്തിക്കുന്ന ആ വ്യക്തി—ആ പരമതത്വം—ഇന്നുപോലും മുന്നേപ്പോലെ പ്രവർത്തിച്ചുകൊണ്ടുതന്നെയാണിരിക്കുന്നതു്. ആ ശക്തിക്കു കുറവോ മാററമോ ഉണ്ടാകുന്നു എന്നു വിചാരിപ്പാൻ യാതൊരു ന്യായവും നമുക്കില്ല. ഭൗതികമായ ബ്രഹ്മാണ്ഡങ്ങൾ പരിണാമപഥത്തിൽക്കൂടി പുരോഗമനം സാധിക്കയും അതു ഹേതുവായി വികസിതമായി ഭവിക്കയും ചെയ്യുതോടുകൂടി ആത്മീകമായ ഒരു പുതിയ ഉണർവും വിജ്ഞാനവും മനുഷ്യരിൽ ഉൽഭൂതമാകയും ചെയ്യുതുടങ്ങി. എന്നാൽ ഈ അനുഭവങ്ങളുടേയും വിജ്ഞാനങ്ങളുടേയുമെല്ലാം മൂലകന്ദ

മായ സൃഷ്ടികാരണൻ അന്നും ഇന്നും എന്നും ഒരുപോലെതന്നെ. ഈ ബ്രഹ്മാണ്ഡഭാണ്ഡങ്ങളെ സൃഷ്ടിച്ച രീതിയും അതിൻെറ ആവശ്യവും എല്ലാം എന്തിനെന്നു ചിന്തിക്കുമ്പോൾ നാം അമ്പരന്നുപോയേക്കാം. ചിലപ്പോൾ നമ്മുടെ അജ്ഞതയാലൊ മറേറാ തെററായി വ്യാഖ്യാനിക്കയും ചെയ്തുപോയേക്കാം. എങ്ങിനെയായാലും ആ മഹൽശക്തിയുടെ കരകൌശലങ്ങൾ അണുവും കോട്ടംതട്ടാതെ നമ്മുടെ പുരോഭാഗി പരിലസിക്കുന്നുണ്ട്. സൃഷ്ടികൎത്താവു ചില നിശ്ചിതനിയമങ്ങളെ അടിസ്ഥാനപ്പെടുത്തിയത്രെ തൻെറ പ്രവൃത്തികൾ നടത്തുന്നതു്. ഇതിൻെറ പരിധിയും ക്രമവും നമുക്കു സുഗ്രാഹ്യമല്ലെങ്കിലും ഇവയെ പരിണാമം എന്ന പദത്താൽ നാം അഭിസംബോധന ചെയ്കയും ചെയ്യുന്നു.

ബ്രഹ്മാണ്ഡങ്ങളുടെ ഏകത്വം ശാസ്ത്രചരിത്രത്തിലെ ആദ്യത്തെ അദ്ധ്യായങ്ങളിൽ ഉൾപ്പെട്ടതായിട്ടല്ലാ കാണുന്നതു്. ശാസ്ത്രലോകത്തിൽ ഈ ചിന്ത ഇദംപ്രഥമമായി ആവിർഭവിച്ചതു് എന്നാണെന്നു് തിട്ടമായി പറയുവാൻ സാദ്ധ്യമല്ലെങ്കിലും പാശ്ചാത്യശാസ്ത്രത്തെ സംബന്ധിച്ചു നോക്കുന്നതായാൽ അരിസ്ററോട്ടലിൻെറ സിദ്ധാന്തങ്ങളെ ഗലീലിയൊ, ന്യൂട്ടൺ എന്നിവർ തട്ടിയുടച്ച കാലംമുതൽക്കു തുടങ്ങി എന്നു ഏകദേശം പറയാം; അന്നുമുതൽ ഈ ചിന്തയ്ക്കു് അഭിവൃദ്ധി ഉണ്ടായിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബൃഹത്തരമായ ഈ സ്ഥൂലലോകത്തിൽ വളരെ ചെറിയവയെങ്കിലും ഉജ്ജ്വലങ്ങളായ സൂക്ഷ്മലോകങ്ങൾ വൎത്തിക്കുന്നുണ്ട്. അതിൻെറ പരമാണുക്കൾ അചേതനങ്ങളായ വസ്തുക്കളല്ല; പ്രത്യുത സചേതനങ്ങളായ ജ്യോതിഷ്പ്രകാണ്ഡങ്ങളാണ്. പുതിയ ശാസ്ത്രസിദ്ധാന്തങ്ങൾപ്രകാരം ഈ ഓരോ പരമാണുക്കളും ഓരോ ചെറിയ സൌരയൂഥങ്ങളാണത്രെ. മദ്ധ്യവൎത്തിയായ ഒരു പ്രോത്താണു (Proton) വും അതിനു ചുററുമായി വൎത്തിക്കുന്ന ചില വൈദ്യുതപരമാണുക്കൾ (Electrons)ളും കൂടി ചേൎന്നത്രെ ഒരു അണു (Atom). ആദിത്യസമം മദ്ധ്യവൎത്തിയായി പ്രശോഭിക്കുന്ന പ്രോത്താണുവിനു ചുററും മററു പരമാണുക്കൾ സൂൎയ്യനുചുററും ഇതരഗോളങ്ങളെന്നപോലെ സദാ ചുററിത്തിരിഞ്ഞുകൊണ്ടു വൎത്തിക്കുന്നു. ബൃഹത്തരങ്ങളായ ബ്രഹ്മാണ്ഡങ്ങളുടെ പ്രവൎത്തനത്തെത്തന്നെയാണു പരമാണുക്കളും പരിതുഷ്ടി പൂണ്ടു പകൎത്തുന്നതു്. ലോകനിയന്ത്രണത്തെ സാധിച്ചുകൊണ്ടു പോകുന്ന സിദ്ധാന്തങ്ങൾ പരമാണുക്കളിലും വലുതായ ഗോളങ്ങളിലും വ്യത്യാസലവം കൂടാതെ അനവരതം പ്രസ്പഷ്ടമാകുന്നു. പ്രകൃതിയുടെ പ്രവൎത്തനപരിധി അണോരണീയ

ങ്ങളായ വസ്തുക്കളിലും മഹത്താംമഹീയങ്ങളായ നിരവധി തേജോഗോളങ്ങളിലും ഒരേപ്രകാരത്തിൽതന്നെ. ജഗൽശക്തി വസ്തുക്കളുടെ വലുപ്പമനുസരിച്ച് ഒന്നിൽ അധികരിച്ചോ മറെറാന്നിൽ കുറവായോ കാണാതെ സകലത്തിലും തുല്യരൂപത്തിൽ പ്രതിഫലിക്കയും പ്രവൎത്തിക്കയും ചെയ്യുന്നു.

ശാസ്ത്രം കാലംചെല്ലുംതോറും അനുപദം നിയതിയുടെ അന്തർഭാഗത്തേക്ക് തള്ളിക്കേറി പുതിയ പുതിയ തത്വങ്ങളെ കണ്ടു പിടിക്കാൻ ശ്രമിക്കയാണെന്നു പറഞ്ഞുവല്ലൊ. ആദ്യമായി വസ്തുതാഗ്രഹണത്തിന്നുപയുക്തമായ ചിത്തവൃത്തികളുടെ സഹായസഹകരണംവഴി ഓരോരോ വസ്തുക്കളേയും അപഗ്രഥിച്ചും അവയുടെ ഗുണാദികളെ പരീക്ഷിച്ചറിഞ്ഞും മററു കാൎയ്യങ്ങളെ കണ്ടറിഞ്ഞും മനസ്സിലാക്കിയും വന്നു. പിന്നീടു ബുദ്ധിശക്തി ഉപയോഗിച്ചു ഗണനാദി സിദ്ധാന്തങ്ങളെ ശാസ്ത്രീയതത്വങ്ങളോടനുബന്ധിച്ചും അവക്ക് പൂൎവ്വാധികം പ്രശസ്തിയും പ്രാപ്തിയും ഉണ്ടാക്കിത്തുടങ്ങിവന്നു. പിന്നേയും പുതിയ പ്രശ്നങ്ങൾ ആവിർഭവിക്കുകയും മേൽപറഞ്ഞ രണ്ടു വിധത്തിലും അവയുടെ ശരിയായ ഉത്തരം കണ്ടുപിടിക്കുവാൻ സാദ്ധ്യമാകാതെ വരികയും ചെയ്തു തുടങ്ങിയപ്പോൾ ആത്മീയപ്രബോധനത്തേയും തൽശക്തിയേയും അവലംബമാക്കി ഈ പുതിയ തുറകളിൽകൂടി സഞ്ചരിക്കുവാൻ ഉത്സാഹിച്ചുവരികയാണിപ്പോൾ.

ഒന്നു രണ്ടു നൂററാണ്ടുകൾക്കപ്പുറം ജീവിച്ചിരുന്ന ശാസ്ത്രപടുക്കൾ ഉണ്ടെന്നു വിചാരിച്ചിരുന്നതിലുമധികം നിഗൂഢതത്വങ്ങൾ നിറഞ്ഞതാണ് ഈ ലോകമെന്നാണ് ഇന്നത്തെ ശാസ്ത്രവിചക്ഷണന്മാർ അഭിപ്രായപ്പെടുന്നതു്. "ചാൺ വെട്ടുമ്പോൾ മുഴം നീളും" എന്നു പറയുന്ന മാതിരി പ്രകൃതിതത്വങ്ങളിലേക്ക് അധികമധികം ചുഴിഞ്ഞു നോക്കുംതോറും അവിടം കൂടുതൽ തമോമയമായി തോന്നുകയാൽ ഒടുവിൽ 'സൎവ്വം ബ്രഹ്മമയം' എന്നും മററുമുള്ള ചില സംജ്ഞകളാൽ മാത്രം തൃപ്തിപ്പെടേണ്ടതായി വരുന്നു. എന്നാൽ ആത്മീയ പ്രബോധനത്താൽ പ്രചോദിതരായിത്തീൎന്നിട്ടുള്ള ചില പ്രബുദ്ധമതികളുടെ വിചിന്തനവും പ്രവൎത്തനവും ഹേതുവായി നിയതിയിലെ ചില പ്രദേശങ്ങൾ ചിലപ്പോൾ അന്ധകാരം നീങ്ങി പ്രകാശിക്കാതിരിക്കുന്നുമില്ല. എന്നാൽ ഈ വെളിച്ചത്തിൽ കൂടി നാം നോക്കുമ്പോൾ നമ്മുടെ അക്ഷിക്കു ലക്ഷീഭവിക്കുന്നതു മാനസികങ്ങളും ആത്മീയങ്ങളുമായ പ്രകൃതിയുടെ പ്രതിഫലനങ്ങ

ളാണ്. ഒരു ഗണിതശാസ്ത്രജ്ഞനോ രസതാന്ത്രികനൊ ഒരു കവിയേക്കാളോ ഒരു യതിയേക്കാളോ കൂടുതലായി ഈ ലോകത്തെ അറിയുന്നുണ്ടോ എന്നുള്ള കാൎയ്യം അല്പം സംശയംതന്നെയാണ്. ചില പ്രത്യേക കാൎയ്യങ്ങളിൽ ആ ശാസ്ത്രജ്ഞന്മാർ മിടുക്കന്മാരായിരിക്കാമെങ്കിലും സമഷ്ടിയായി നോക്കുമ്പോൾ അവർ മുന്നണിയിൽ നില്ക്കുമോ എന്നു കണ്ടറിയേണ്ടതുതന്നെയാണ്.

'ഉള്ളതിന്നു നാശമില്ല' എന്നുള്ള തത്വത്തെ അടിസ്ഥാനമാക്കി നോക്കുമ്പോൾ ആത്മീയലോകമാണു വാസ്തവമായതെന്നു തെളിയും. മററുള്ള വസ്തുക്കളെല്ലാം എത്രതന്നെ സുന്ദരങ്ങളായിരിക്കട്ടെ, രസാവഹങ്ങളായിരിക്കട്ടെ, അവ ക്ഷണഭംഗുരങ്ങളും അനശ്വരങ്ങളും ആണെന്നു വരുമ്പോൾ അവകൊണ്ടെന്തുഫലം? ലോകം മനസ്സിനാലാണ് ഭരിക്കപ്പെട്ടുന്നതു്. അതു് ഒരു ശാസ്ത്രപട്ടുവിൻേറയൊ, ഒരു കവിയുടേയോ, ഒരു കലാകാരൻേറയോ— ആരുടേയെങ്കിലുമോ, അവരുടെ എല്ലാവരുടേയും ഒത്തുചേൎന്നതോ, ഏതായാലും കൊള്ളാം,—ആ ചിത്തമാണു നമ്മുടെ അസ്തിത്വത്തിൻെറ ആന്തരാൎത്ഥത്തെ അറിയാറാക്കുന്ന പരമാൎത്ഥ വസ്തു. ദൈവം മനസ്സല്ലാ, എന്നാൽ മനസ്സു വൎത്തിക്കുന്നു എന്നുള്ളതിൻെറ കാരണമാണ്. ആത്മാവു ദേഹമോ അതിൻെറ ഒരു ഭാഗമോ അല്ലതന്നെ; അതുപോലെതന്നെ ആ ആത്മാവും അദ്ദേഹം—ഈശ്വരൻ—അല്ല; പക്ഷെ അതുണ്ടെന്നുള്ളതിൻെറ കാരണമത്രെ. വെളിച്ചവും അദ്ദേഹമല്ല; അതിൻെറ അസ്തിത്വം അതു ഉണ്ടെന്നുള്ളതിൻെറ കാരണംതന്നെ; അനന്തവും അജ്ഞാതവും അവൎണ്ണനീയവും എന്നാൽ സൎവ്വജ്ഞവും ആദ്യന്തരഹിതവും ആയി നിശ്ചിതകാലങ്ങളിൽ നിശ്ചിതനിയമങ്ങളെ അടിസ്ഥാനമാക്കി സ്വയംപ്രകാശിക്കുന്ന ഒരേ ഒരു സ്ഫുരണം — ഒരേ ഒരു ജ്ഞാനദീപ്തി—യാതൊന്നോ അതത്രെ ഈശ്വരൻ. ആത്മീയമായ ഏതൊ ചില തത്വരശ്മികൾ പ്രകൃതിയിൽകൂടി കടന്നു ലോകത്തിൽ പ്രതിഫലിച്ചു പ്രകാശിക്കുന്നുണ്ടു്. വസ്തുത (matter) യെന്നതു് നിശ്ചിതക്രമവും പരിധിയുമനുസരിച്ചും അവസ്ഥ വിധേയമായും ഘനീഭവിച്ചതോ ബാഹ്യദൃഷ്ടിക്കു വിഷയീഭൂതമായതോ ആയ ആത്മാവിൻെറ ഒരു വിഭിന്നരൂപം മാത്രമാണത്രെ!

ശാസ്ത്രവും ആത്മീയബോധനത്തിന്നു വിധേയമായി പരിലസിക്കുന്ന കലകളും മതാദൎശങ്ങളും എല്ലാം ഒരേ ഒരു കേന്ദ്രത്തെ ആരായുന്ന പ്രവൎത്തനങ്ങൾതന്നെ. ശാസ്ത്രം ബാഹ്യവസ്തുക്കളെ അപഗ്രഥിച്ചുകൊ

ണ്ടാണ് ആന്തരതത്വങ്ങളെ അറിയുന്നതെങ്കിൽ മററു രണ്ടും പൂൎണ്ണമായിത്തന്നെ ആ ആന്തരശക്തിയെ സമീപിക്കുവാൻ തയ്യാറാകുന്നു. പ്രകൃതിക്കു അനുയോജ്യമായ വിധത്തിലും അതിലടങ്ങിയ നിഗ്രഢതത്വങ്ങളെ സ്ഫുരിപ്പിക്കുന്നതിനുപയുക്തമായവിധത്തിലുമുള്ള ഒരു ശാസ്ത്രസിദ്ധാന്തം നമുക്കു അനായാസേന ലഭ്യമാകേണമെന്നുണ്ടെങ്കിൽ മതവും ശാസ്ത്രവും കലകളും തോളോടുതോളുചേൎന്നു തളരാതെ പ്രവൎത്തിക്കണം. നാം നമ്മുടെ ചുററിലും കാണുന്ന വസ്തുക്കളിലും പ്രകടനങ്ങളിലും അന്തർഭവിച്ചിരിക്കുന്ന തത്വമെന്തെന്നു സമ്പൂൎണ്ണമായും തീൎച്ചയായും അറിയുന്നില്ലെങ്കിൽ, ജീവിതംകൊണ്ടുള്ള യഥാൎത്ഥമായ ആവശ്യവും അതിൻെറ ഉദ്ദേശവും എന്തെന്നു് അറിയുവാൻ നാം ആഗ്രഹിക്കുന്നില്ലെങ്കിൽ, ബ്രഹ്മാണ്ഡഭാണ്ഡങ്ങൾ നമ്മെ അപേക്ഷിച്ചു് (ആപേക്ഷികവാദ—Relativity—ത്തിനു ബലം കൂടിവരുന്നുണ്ടു്, ഇക്കാലത്തു്) എപ്രകാരം വൎത്തിക്കുന്നു എന്നു അറിയുവാനോ, തിരക്കുവാനോ നാം ഉത്സാഹിക്കുന്നില്ലെങ്കിൽ, പിന്നെ ഈ ലോകനാടകവേദിയിലുള്ള കോലാഹലങ്ങളെല്ലാം എന്തിനുവേണ്ടിയാണു്? ശാസ്ത്രംകൊണ്ടു ബ്രഹ്മാണ്ഡഭാണ്ഡങ്ങളുടെ ആന്തരാൎത്ഥം ദുർഗ്രഹമായാൽ മററുവിധത്തിൽ—വേറെ സരണികളിൽക്കൂടി സഞ്ചരിച്ചു—അതറിയുവാൻ നാം സന്നദ്ധരായിരിക്കണം. മനുഷ്യാതീതമായ ആ മഹൽശക്തിയെന്തെന്നു തൻെറ കയ്യിലുള്ള സകല കരുക്കളേയും ഉപയോഗപ്പെടുത്തി തിരക്കുവാൻ മനുഷ്യൻ ഉത്സാഹിച്ചാൽ ആ ഇഷ്ടരഹസ്യം ഒട്ടെങ്കിലും സ്പഷ്ടമാകാതിരിക്കുമോ? അതിനാൽ ഒരിക്കൽക്കൂടി ശാസ്ത്രം മതത്തിൻെറ ഉപാധിയായി വൎത്തിച്ചു രണ്ടുംകൂടി ഒത്തൊരുമിച്ചു പുരോഗമനം സാധിക്കുമ്പോൾ, മതവും ശാസ്ത്രവും ഒരേ ഒരു കേന്ദ്രത്തിൽനിന്നു ചുററും പ്രകാശധോരണി വീശുമ്പോൾ, മനുഷ്യൎക്കുപയുക്തമായതും സദാചാരസമ്മിളിതവുമായ കണ്ടുപിടുത്തങ്ങൾ സൎവ്വൎക്കും ഒരുപോലെ അധിഗമനം ചെയ്വാനും അഭിനന്ദിക്കുവാനും കഴിവുവരുമ്പോൾ, ഇപ്പോൾ ശാസ്ത്രം ആരായുന്ന ആ മഹൽതത്വങ്ങൾ വിദൂരമാകാതെ കരതലാമലകംപോലെ പരിലസിക്കും. ഇന്നത്തെ ശാസ്ത്രലോകത്തിൻെറ ഗതിയെ സൂക്ഷ്മമായി അവലോകനം ചെയ്യുന്നവൎക്കു കാണാം, അതിൻെറ ഗതി മേല്പറഞ്ഞ സരണിയിലേക്കു നോക്കിക്കൊണ്ടാണെന്നും.

---

# ലേ മിസ്ഃറാബ്ള്.

**(Les Miserables)**

—വിദ്വാൻ, കെ. പ്രകാശം.

ലോകത്തിൽ ഇന്നേവരെ ഉണ്ടായിട്ടുള്ള എല്ലാ ഭാഷകളിലേയും ആഖ്യായികകളിൽവെച്ച് പ്രഥമസ്ഥാനം അർഹിക്കുന്ന ഉത്തമഗ്രന്ഥമാണ് **Les Miserables** (പാവങ്ങൾ). ഹിമാലയപർവ്വതംപോലെയോ, നയാഗ്രാ വെള്ളച്ചാട്ടംപോലെയോ അപ്രതിമവും അവർണ്ണനീയവുമായ ഒരു മാഹാത്മ്യം ഈ വിശിഷ്ടകൃതിയിൽ വിളങ്ങുന്നുണ്ട്. ഈ വിശേഷാത്തരഗ്രന്ഥത്തിൻെറ കർത്താവ് മഹർഷിതുല്യനായ ഫ്രഞ്ച് മഹാകവി വിക്ടർ യൂഗോ ആകുന്നു. ഫ്രഞ്ചുഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള ഈ ഗ്രന്ഥത്തിന്ന് ഇംഗ്ലീഷിൽത്തന്നെ അനേകം തർജ്ജമകളും സംക്ഷിപ്തപതിപ്പുകളും വന്നുകഴിഞ്ഞിരിക്കുന്നു.

1802-ൽ ആണ് വിക്ടർ യൂഗോ ജനിച്ചതു്. അദ്ദേഹത്തിൻെറ അച്ഛൻ, യൂറോപ്പു—പോരാ ഭൂലോകം മുഴുവൻ—കിടുകിടെ വിറപ്പിച്ചിരുന്ന നെപ്പോളിയൻ ചക്രവർത്തിയുടെ സേനാനായകന്മാരിൽ ഒരു പ്രധാനിയായിരുന്നു. ആ വിശ്വവിജേതാവിൻെറ സൈന്യങ്ങൾ യൂറോപ്പിൻെറ നാലതിർത്തികളിലുംനിന്നു യുദ്ധം ചെയ്തിരുന്നതിനാൽ സേനാനായകനായ 'ലിയപ്പോൾഡ് യൂഗോ' സകുടുംബം കോർസിക്ക, ഇററലി, സ്പെയിൻ, മുതലായ രാജ്യങ്ങളിൽ മാറി മാറിത്താമസിക്കേണ്ടിവന്നു. സ്പെയിനിൽ താമസിക്കുമ്പോൾ വിക്ടർ യൂഗോവിന്ന് 9 വയസ്സു പ്രായമായിരുന്നു. 'മാഡ്രിഡി'ൽ പ്രഭുകുമാരന്മാക്കുള്ള ഒരു വിദ്യാലയത്തിലാണ് കുട്ടിയായ യൂഗോ വിദ്യാഭ്യാസമാരംഭിച്ചതു്. ഒരു കൊല്ലം കഴിഞ്ഞപ്പോൾ അവിടേനിന്നും 'യൂഗോ കുടുംബ'ത്തിന്നു മാറേണ്ടിവന്നതുകൊണ്ടു് കുട്ടിയുടെ പഠിപ്പു തല്ക്കാലം നിറുത്തേണ്ടിവന്നു. അതിന്നുശേഷം യൂഗോ വിദ്യാലയത്തിൽ ചേൎന്നു പഠിക്കുകയുണ്ടായിട്ടില്ല. ചെറുപ്പംമുതൽക്കുതന്നെ യൂഗോവിന്നു പുസ്തകപാരായണത്തിൽ അസാമാന്യമായ പ്രതിപത്തിയുണ്ടായിരുന്നു. സ്കൂളിൻെറ സഹായംകൂടാതെ തന്നെ സമ്പാദിച്ച ജ്ഞാനംകൊണ്ടാണ് അദ്ദേഹം വിശ്വവിഖ്യാതനായിത്തീൎന്നതു്.

16 വയസ്സു പ്രായമായപ്പോൾ യൂഗോ സാഹിത്യപരമായ പരിശ്രമങ്ങൾ ചെയ്തുതുടങ്ങി. 20 വയസ്സായപ്പോൾ അദ്ദേഹം ഒരു പ്രസിദ്ധ

കവിയായിത്തീൎന്നു. ഈയിടക്കു അദ്ദേഹത്തിൻെറ അമ്മ മരിച്ചു. അച്ഛൻ രണ്ടാമതു വിവാഹം കഴിക്കുകയും മകനുമായി പിണങ്ങി വേറെ താമസമാക്കുകയും ചെയ്തു. ഈ അവസരത്തിൽ യൂഗോ ചെലവിന്നുള്ള വകപോലും കിട്ടാതെ വളരെ കഷ്ടപ്പെട്ടു.

അന്നത്തെ ഫ്രഞ്ചുസാഹിത്യലോകം രണ്ടു കക്ഷിയായിപ്പിരിഞ്ഞു നിന്നിരുന്നു. പുതിയ കക്ഷിയിൽപ്പെട്ടവനായിരുന്നു യൂഗോ. തൻെറ ആദൎശങ്ങളെ പുരസ്കരിച്ച് അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ ചില ഖണ്ഡകാവ്യങ്ങൾക്കു വലിയ പ്രചാരമുണ്ടായി. അദ്ദേഹത്തിൻെറ സാഹിത്യപരിശ്രമങ്ങളെ അനുമോദിച്ചു 2000ഫ്രാങ്ക് അടുത്തൂൺ ആയി അന്നത്തെ രാജാവ് അനുവദിച്ചുകൊടുത്തതുകൊണ്ടു യൂഗോവിൻെറ ദാരിദ്ര്യത്തിന്ന് ഒരു വിരാമം വന്നു. അദ്ദേഹം ഒരു യുവതിയെ വിവാഹം കഴിച്ചതോടുകൂടി അച്ഛൻെറ മുഷിച്ചൽ തീരുകയും ചെയ്തു.

പഴയ കക്ഷിക്കാർ യൂഗോവിൻെറ കൃതികളെ വളരെ കഠിനമായി അധിക്ഷേപിച്ചിരുന്നു. എങ്കിലും ക്രമേണ അദ്ദേഹം അവരെയെല്ലാം ജയിച്ചു തൻെറ വിജയപതാക എന്നെന്നേക്കുമായ। സാഹിത്യലോകത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. ഖണ്ഡകൃതികൾ, നാടകങ്ങൾ, ആഖ്യായികകൾ എന്നീ ഇനത്തിൽ അനേകം ഗ്രന്ഥങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. ആഖ്യായികകളിൽവെച്ച് ഏററവും പ്രസിദ്ധമായതു പാവങ്ങൾ (Les Miserables) ആകുന്നു.

അന്നു ഫ്രഞ്ചു ഭരണത്തിൽ വലിയ പരിവൎത്തനങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. അന്നത്തെ ഗവൎമ്മേണ്ടിന്നു് എതിരായ ചില പ്രസ്ഥാനങ്ങളിൽ പങ്കുകൊണ്ടതിന്നു് അദ്ദേഹത്തെ നാടുകത്തി. ബൽജിയത്തിൽ താമസിക്കുമ്പോൾ ഫ്രഞ്ചു ഗവൎമ്മേണ്ടിനെതിരായി ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തി. അതിൻെറ ഫലമായി അവിടെനിന്നും മാറിപ്പോകുവാൻ ബൽജിയം ഗവൎമ്മേണ്ടു് അദ്ദേഹത്തെ നിൎബ്ബന്ധിച്ചു.

അനന്തരം ഇംഗ്ലീഷുകാരുടെ വകയായ ചാനൽദ്വീപുകളിലാണു താമസമാക്കിയതു്. അവിടെയിരുന്നാണു് അദ്ദേഹം വിശ്വവിഖ്യാതങ്ങളായ ഗ്രന്ഥങ്ങൾ നിൎമ്മിച്ചതു്.

സാമുദായികവും സാഹിത്യപരവുമായ പരിഷ്കാരങ്ങൾ ആവശ്യമാണെന്നും കാലപ്പഴക്കംകൊണ്ടു ദുഷിച്ചുപോയതും ആവശ്യമില്ലാത്തതും മനുഷ്യസമുദായത്തെ കഷ്ടപ്പെടുത്തുന്നതുമായ മാമൂലുകളെയെല്ലാം തകൎത്തുകളയണമെന്നുമായിരുന്നു അദ്ദേഹത്തിൻെറ പരിശ്രമങ്ങളുടെ ആന്തരമായ ഉദ്ദേശം.

**Les Miserables** (പാവങ്ങൾ) ൻെറ മുഖവുരയായി അദ്ദേഹം പറയുന്നതു കേൾക്കുക. "നിയമം, ആചാരം എന്നിവയുടെ ശക്തിയാൽ ലോകത്തിലെ സംസ്കാരത്തിൻെറ മദ്ധ്യത്തിൽ നരകത്തെ സൃഷ്ടിച്ചും മനുഷ്യകർമ്മത്തെ വിധിയോടു സംയോജിപ്പിച്ചും സമുദായം കല്പിക്കുന്ന കഠിനമായ ശിക്ഷാവിധികൾ നിലനില്ക്കുന്നിടത്തോളം കാലം—മനുഷ്യ സമുദായത്തിലെ മൂന്നു ദുരവസ്ഥകൾ, അതായതു പുരുഷന്മാർക്കു ദുസ്സഹ മായ ദാരിദ്ര്യംകൊണ്ടുണ്ടാകുന്ന അധഃപതനം, സ്ത്രീകൾക്കു വിശപ്പു കൊണ്ടുണ്ടാകുന്ന മാനഹാനി, കുട്ടികൾക്ക് അജ്ഞതകൊണ്ടുണ്ടാകുന്ന വികാസമില്ലായ്മ, ഇവ നീങ്ങാതിരിക്കുന്നിടത്തോളം കാലം— ചുരുക്ക ത്തിൽ പറയുന്നതായാൽ ഭൂമിയിൽ അജ്ഞാനത്തിൻേറയും ദാരിദ്ര്യ ത്തിൻേറയും ദോഷങ്ങൾ കാണപ്പെടുന്നിടത്തോളം കാലം— ഇത്തരം പു സ്തകങ്ങൾ നിഷ്പ്രയോജനമായിത്തീരാൻ നിവൃത്തിയില്ല."

ഈ ഗ്രന്ഥം ഇററാലിയൻ ഭാഷയിലേക്കു തർജ്ജമചെയ്ത മിസ്ററർ ഡെയിലി മഹാകവി യൂഗോവിന്നു് അയച്ച ഒരു കത്തിൽ ഇങ്ങനെ എഴുതിയിരുന്നു. "ഇങ്ങനെ ചില ഇററലിക്കാർ പറയുന്നുണ്ടു്— ഈ പുസ്തകം ഒരു ഫ്രഞ്ചു കൃതിയാണു്. നമുക്കു് ഇതുകൊണ്ടു പ്രയോജന മില്ല. ഫ്രാൻസുകാർ ഇതു് ഒരു ചരിത്രമായി വായിക്കട്ടെ. നമ്മൾ ഇതൊരു കെട്ടുകഥമാത്രമായി വായിച്ചുനോക്കും."

ഇതിന്നു മറുപടിയായി ആ അഭിപ്രായത്തെ ഖണ്ഡിച്ചുകൊണ്ടു് അദ്ദേഹം എഴുതുന്ന കത്തിൽനിന്നു് ഈ പുസ്തകത്തിൻെറ മഹത്വവും ഉദ്ദേശ്യവും നമുക്കു വ്യക്തമായി അറിയാവുന്നതാണു്:

"സേർ, പാവങ്ങൾ എന്ന പുസ്തകം ഞാൻ എല്ലാ രാജ്യക്കാർക്കും വേണ്ടി എഴുതിയതാണു്. അതു് എല്ലാവരും വായിച്ചുനോക്കുമോ എന്നു് എനിക്കറിഞ്ഞുകൂടാ; എന്നാൽ ഞാൻ അതു് എഴുതിയതു് എല്ലാവർക്കും വേണ്ടിയാണു്. അതു് ഇംഗ്ലണ്ടെന്നപോലെ സ്പെയിനും, ഇററലിയെന്നപോലെ ഫ്രാൻസും, ജർമ്മനിയെന്നപോലെ അയർ ലണ്ടും, അടിമകളുള്ള പ്രജാധിപത്യരാജ്യമെന്നപോലെ അടിമ കളുള്ള ചക്രവർത്തിഭരണരാജ്യങ്ങളും ഒന്നുപോലെ കേൾക്കണ മെന്നു വിചാരിച്ചു് എഴുതിയിട്ടുള്ളതാണു്. സാമുദായികമായ കഷ്ടതകൾ രാജ്യാതിർത്തികളെ അതിലംഘിക്കുന്നുണ്ടു്. ഭൂമണ്ഡലം മുഴു വനും മനുഷ്യജാതിയെ ബാധിച്ചു വ്യാപിച്ചിരിക്കുന്ന ആ വമ്പിച്ച വ്രണ ങ്ങൾ ഭൂപടത്തിലുള്ള രാജ്യാതിർത്തികളെ കാണിക്കുന്നതിന്നു കൊടുത്തി

ട്ടുള്ള ചുകന്നതും നീലച്ചതുമായ നിറങ്ങൾ കണ്ടതുകൊണ്ടൊന്നും ഇല്ലാതാകുന്നില്ല. അജ്ഞനും നിരാശനുമായ മനുഷ്യൻ, ഭക്ഷണത്തിന്നു വേണ്ടി തന്നത്താനെ വില്ക്കപ്പെടുന്ന സ്ത്രീ, ജ്ഞാനസമ്പാദനത്തിന്നുള്ള പുസ്തകവും തൻ്റെപ്പമാററുവാൻ ഒരു അടുപ്പും കിട്ടാത്ത ബാലൻ— ഇവർ എവിടെയെല്ലാം ഉണ്ടോ അവിടെയെല്ലാം ഈ പുസ്തകം വാതില്ക്കൽ മുട്ടിവിളിച്ചു പറയും: "വാതിൽ എനിക്കുവേണ്ടിത്തുറക്കുക, ഞാൻ നിങ്ങളെക്കാണുവാനാണ് വരുന്നതു്."

നാം ഇപ്പോൾ തരണംചെയ്യുന്ന ദുഃഖമയമായ ഈ പരിഷ്കാരഘട്ടത്തിൽ പാവങ്ങളുടെ പേർ 'മനുഷ്യൻ' എന്നാണ്; എല്ലാ രാജ്യത്തും അവൻ കിടന്നു കഷ്ടപ്പെടുന്നു; എല്ലാ ഭാഷകളിലും അവൻ നിലവിളിക്കുന്നു. ഈ ദുസ്ഥിതിയിൽനിന്നു ഞങ്ങളുടെ ഫ്രാൻസിനേക്കാൾ നിങ്ങളുടെ ഇററലിയ്ക്കു് ഒട്ടുംതന്നെ മോചനം ലഭിച്ചിട്ടില്ല. പ്രശംസനീയമായ നിങ്ങളുടെ ഇററലിരാജ്യത്തിൻെറ മുഖത്തു് എല്ലാവിധം കഷ്ടപ്പാടുകളും ദാരിദ്ര്യത്തിൻെറ ശൃംഗിയെടുത്ത രൂപമാകുന്ന തട്ടിപ്പറിയും തീരെ ഇല്ലാതായിട്ടില്ല. കഠിനമായ കന്യകാമഠവ്രതംകൊണ്ടു് ഇററലിയെപ്പോലെ ദുഷിച്ചുപോയ രാജ്യങ്ങൾ വേറെയില്ല. അന്തസ്സുകൂടിയ നഗരങ്ങളും മഹത്തായ ഒരു ചരിത്രവും നിങ്ങൾക്കുണ്ടെങ്കിലും നിങ്ങൾ, ഞങ്ങളെപ്പോലെതന്നെ ദരിദ്രരാണ്.

ഞങ്ങൾക്കുള്ളതുപോലെ നിങ്ങൾക്കും തെററായ ധാരണകളും അന്ധവിശ്വാസങ്ങളുമുണ്ടു്. പ്രജാപീഡനങ്ങളും മതഭ്രാന്തുകളും മൂഢാചാരങ്ങളെ സഹായിക്കുന്ന അന്ധനിയമങ്ങളുമുണ്ടു്. നിങ്ങൾക്കു് ഒരു കാട്ടാളനുണ്ടു്—മതാചാര്യൻ. ഒരു കാടനുണ്ടു്—യാചകൻ. സാമുദായികവാദം നമ്മൾക്കെല്ലാം ഒന്നുതന്നെ. ഇംഗ്ലണ്ടിൽ 'പ്രൊട്ടസ്റ്റാൻഡാ'കുന്ന അന്ധതയുണ്ടെങ്കിൽ ഇററലിയിൽ അതിന്നുപകരം 'കത്തോലിക്'ഉണ്ടു്. പേരുമാറിയെങ്കിലും നിങ്ങളുടെ പ്രധാനമതാചാര്യനും ഞങ്ങളുടെ മെത്രാനും ആൾ ഒന്നാണ്. അർത്ഥം എന്നും 'അന്ധകാരം' എന്നുതന്നെ. രണ്ടും ഏകദേശം ഒരു കററസ്സാധനംതന്നെ. വേദപുസ്തകത്തെ തെററി വ്യാഖ്യാനിക്കുന്നതുപോലെതന്നെയാണു സുവിശേഷത്തെ തെററിദ്ധരിക്കുന്നതു്.

നിങ്ങളുടെ രാജ്യത്തു പ്രതിഫലംകൂടാതെ കുട്ടികളെ പഠിപ്പിക്കുന്നുണ്ടോ? 'ഗാറിബാൾഡി'യുടെ, ഇററലിയുടെ അഭിമാനസ്തംഭത്തിൻെറ, നേരെ വെടിവെയ്ക്കുവാൻപോലും രാജ്യനിയമങ്ങളെപ്പിടിച്ചുന്തുന്ന പട്ടാള

വ്യവസ്ഥ നിങ്ങളുടെ രാജ്യത്തുമില്ലേ? വേശ്യാവൃത്തിക്കു നിങ്ങളുടെ രാജ്യത്തും വല്ല കുററവുമുണ്ടോ? സ്ത്രീയും കുട്ടിയുമാകുന്ന രണ്ടു് അബല സത്വങ്ങൾക്കു ചുററുമുള്ള രക്ഷയുടെ സ്ഥിതി അനുസരിച്ചാണു പരിഷ്കാരത്തെ അളക്കേണ്ടതു്. നിങ്ങളുടെ കോടതികളിൽനിന്നു പുറപ്പെടുന്ന നീതിന്യായവിചാരണയുടെ ഫലം എന്താണു്? കാരാഗൃഹം, തൂക്കുമരം, മരണശിക്ഷ മുതലായ അപകടംപിടിച്ച വാക്കുകളുടെ അൎത്ഥം മനസ്സിലാകാതിരിക്കുവാനുള്ള ഭാഗ്യം നിങ്ങൾക്കുണ്ടായിട്ടുണ്ടോ? ഞാൻ ഒന്നു കൂടിപ്പറയുന്നു. ഈ പുസ്തകം ഒരു കണ്ണാടിയാണു്. കണ്ണാടി സത്യസ്ഥിതി വെളിപ്പെടുത്തുന്നതുകൊണ്ടു് അതിനോടു ചിലൎക്കു വെറുപ്പുണ്ടാകും. അതുകൊണ്ടു് ഇതു പ്രയോജനശൂന്യമാകുന്നില്ല.

ചുരുക്കിപ്പറയുന്നതായാൽ എല്ലാവരേയും ബാധിച്ചിരിക്കുന്ന കഷ്ടപ്പാടുകൊണ്ടു ഞാനും കഷ്ടപ്പെടുന്നു. ഞാൻ അതിനെ കുറയ്ക്കുവാൻ പരിശ്രമിക്കുകയാണു്. ഒരു മനുഷ്യനുള്ള നിസ്സാരശക്തി മാത്രമേ എനിക്കുമുള്ളു. ഞാൻ എല്ലാവരോടും നിലവിളിച്ചു പറയുന്നു, 'എന്നെ സഹായിക്കണേ!' സാർ, ഇതാണു് നിങ്ങളുടെ കത്തു വായിച്ചിട്ടു് എനിക്കു പറയുവാൻ തോന്നിയതു്."

ഇങ്ങനെ ഗ്രന്ഥകൎത്താവുതന്നെ അഭിമാനത്തോടുകൂടി പറയുന്ന ഈ മഹൽഗ്രന്ഥത്തിന്നു ലോകത്തിലുള്ള മിക്ക ഭാഷകളിലും തൎജ്ജമകൾ വന്നുകഴിഞ്ഞതിൽ അത്ഭുതത്തിന്നവകാശമില്ല. ആധുനികലോകത്തിൻെറ വിഷമപ്രശ്നങ്ങളുടെയെല്ലാം സ്വഭാവവും പരിണാമവും ഫലാപ്തിയുമെല്ലാം കവി പ്രത്യക്ഷമായും പരോക്ഷമായും ഈ കൃതിയിൽക്കൂടി ലോകത്തിന്നു കാണിച്ചുകൊടുക്കുന്നു. ഈ പുസ്തകത്തിലെ ആദൎശങ്ങളുടെ മൌലികതത്വങ്ങൾ ഇപ്രകാരം ഗ്രന്ഥകൎത്താവിൻെറ ഭാഷയിൽ ത്തന്നെ പറയാമെന്നല്ലാതെ പുസ്തകത്തെപ്പററി ഒരു നിരൂപണമോ ആസ്വാദനമോ എഴുതുവാൻ ഇപ്പോൾ സാദ്ധ്യമല്ല.

മലയാളത്തിൽ ഈ മഹൽഗ്രന്ഥത്തെ 'പാവങ്ങൾ' എന്ന പേരിൽ ശ്രീമാൻ നാലപ്പാട്ടു നാരായണമേനോൻ തൎജ്ജമ ചെയ്തിട്ടു് ഒരു വ്യാഴവട്ടമായി. മുവ്വായിരത്തോളം ഭാഗങ്ങളുള്ള ഈ പുസ്തകം മൂലഗ്രന്ഥകാരൻെറ ആശയങ്ങൾക്കു് അല്പവും മാററം വരുത്താതെയാണു തൎജ്ജമ ചെയ്തിട്ടുള്ളതു്. പുസ്തകത്തിൻെറ വലുപ്പവും വിലയുടെ കൂടുതലും അതിൻെറ പ്രചാരത്തിന്നു ബാധകമായി നില്ക്കുന്നു. എങ്കിലും വിശ്വവിഖ്യാതമായ ഒരു ഗ്രന്ഥത്തെ മലയാളഭാഷക്കു സമൎപ്പിച്ച അദ്ദേഹ

ത്തിന്റെ പരിശ്രമശീലത്തേയും മഹാമനസ്കതയേയും അഭിനന്ദിക്ക തന്നെ വേണം. ഈ സന്ദർഭത്തിൽ ഈ ലേഖനകർത്താവിന്നു് ഒരു കാര്യം പറയേണ്ടതുണ്ടു്. **Les Miserables** ന്റെ തർജ്ജമയായ 'പാവങ്ങൾ' സ്കൂളുകളിൽ കുട്ടികൾക്കു പാഠ്യപുസ്തകമായോ മററോ ഉപയോഗിക്കുന്ന തിന്നും സാധാരണ വായനക്കാർക്കു ക്ഷണത്തിൽ വായിച്ചു തീർക്കുന്നതിന്നും പററിയതല്ലാത്തതുകൊണ്ടു മൂലഗ്രന്ഥത്തിന്റെ ഒരു സംഗ്രഹം ആവശ്യ മാണെന്നു തോന്നുകയാൽ ഇംഗ്ലീഷുതർജ്ജമയെ മിക്കവാറും അനുകരിച്ചു കൊണ്ടു 'ജീൻവാൽജീൻ' എന്ന പേരിൽ ഒരുറപ്പിക വില നിശ്ചയിച്ചു ഒരു സംഗ്രഹം ഞാൻ ഈയിടെ എഴുതി പ്രസിദ്ധപ്പെടുത്തുകയും അതിനെ കൊച്ചി പാഠ്യപുസ്തകക്കമ്മററി പാഠ്യപുസ്തകമായി അംഗീക രിക്കുകയും ചെയ്തിട്ടുണ്ടു്.

വിശ്വമഹാകവി വിക്ടർ യൂഗോവിന്റെ കവനകലാകല്ലോല ങ്ങൾ ലോകത്തിലെങ്ങും വ്യാപിച്ചു ഹൃദയമുള്ളവരെയെല്ലാം നിരന്തരം ആനന്ദസമുദ്രത്തിൽ ആറാടിച്ചുകൊണ്ടിരിക്കട്ടെ! ലോകമുള്ള കാല ത്തോളം അദ്ദേഹത്തിന്റെ പ്രശസ്തി നിലനില്ക്കുകതന്നെ ചെയ്യും.

---

# ദുരന്തം.

—എം. എൻ. വാസുദേവൻ ഭട്ടതിരി.

സൌന്ദര്യധോരണിയിൽ മുങ്ങിക്കുളിച്ചുഷസ്സുണൎന്നു. ആ ദേവിയുടെ കാൽച്ചിലമ്പൊലി പറവകളുടെ ഗളനാളത്തിലേയ്ക്കു പകൎന്നു. ആ മഞ്ജുശിഞ്ജിതം അഭിഷേചിച്ച കുളിർകാററ് ഇക്കിളിയിട്ടുണൎത്തിയ വല്ലികളുടെ മുഖത്തു് ഒരു പുഞ്ചിരി കളിയാടി. കുതിച്ചുചാടി കളകളനിനദത്തിൽ ചിരിച്ച തടിനി പൎവ്വതപാൎശ്വങ്ങളെ കോൾമയിർക്കൊള്ളിച്ചു. ആനന്ദത്തിൻെറ തുള്ളികൾ പുല്ലുകളുടെ കൺപീലിത്തുമ്പത്തു കാണായി. 'നിഷ്കള' കുളികഴിഞ്ഞു് അടുത്തുള്ള വിശ്വാംബികാക്ഷേത്രത്തിലേയ്ക്കു പുറപ്പെട്ടു. ഒരരുണിമാവു് അവളുടെ ചുററം പടൎന്നിരുന്നു. ആന്തരാത്മാവിലിരുന്നു് ആരോ അവ്യക്തമായി പൊഴിയ്ക്കുന്ന ഒരു മുരളിയുടെ മണിനാദം അവളുടെ സൎവ്വാംഗങ്ങളിലും അമൃതു കോരിത്തളിച്ചിരുന്നു. ഒരു മന്ദഹാസത്തിൻെറ കുട്ടിപ്രകാശം അവളുടെ ചുററം ഒളിച്ചുകളിക്കുന്നതിന്നിടയിൽ ഒന്നുമറിയാതെ തിരിച്ചവൾ വീട്ടിലെത്തി. ഒരു റോസാച്ചെടിയുടെ അടുത്തുപോയി അതിനോടു് ചേൎന്നുനിന്നു് അവളറിയാതെ ഒരു പൂപൊട്ടിച്ചു. അതു് അവിടെത്തന്നെവെച്ചു അകത്തേയ്ക്കോരോട്ടം കൊടുത്തു. ഏതാണ്ടൊക്കെ പറയണമെന്നു തോന്നി. ഒന്നും ഉരിയാടിയില്ല. ഒരു മൂലയ്ക്കുപോയി അവളനങ്ങാതെ ഇരുന്നു. പതുക്കെ എഴുനേററു. ഒരു തണുത്ത നാണം അവളുടെ ദേഹമാസകലം മന്ദംമന്ദമിഴഞ്ഞിരുന്നു. അന്നു 'നിഷ്കള'യുടെ വിവാഹദിനമാണു്. "നിഷ്കളേ, നീ ഇന്നു കുളിയ്ക്കുകയോ മറേറാ ഉണ്ടായോ?" അമ്മ അടുക്കളയിൽനിന്നു വിളിച്ചുചോദിച്ചു. അവളൊന്നു പറകുവാൻ ഭാവിച്ചു. ഛേ—പോരായ്മ—അവൾ സാവധാനമായി അമ്മയുടെ സമീപത്തു ചെന്നു വൃഥാ ഒരു കോട്ടുവായ്‌വിട്ടു ഞെളിഞ്ഞയഞ്ഞുനിന്നു. അമ്മ ഒന്നു ചിരിച്ചു് "ഇന്നു് ഇതൊന്നും പോരാ" എന്നു മകളിൽ നാണംകോരിപ്പകൎന്നു. പെട്ടെന്നു പുഞ്ചിരിയെ വാട്ടിക്കരിച്ച ഒരു ദീൎഘനിശ്വാസം അമ്മയെ അടുക്കളജോലിയ്ക്കു വീണ്ടും പ്രേരിപ്പിച്ചു. ക്രമേണ അതു ഒതുങ്ങി. നേരമൊരു നാഴിക പുലൎന്നു. "ഇനിയുമൊന്നുമായില്ലേ?" എന്നു ശാസിച്ചുകൊണ്ടു് അച്ഛൻ അടുക്കളയിലേക്കു എത്തിനോക്കി. "ഒക്കെയായി ഒന്നു കുളിച്ചു വന്നോട്ടേ" എന്നു അമ്മ സമാധാനിപ്പിച്ചു പുഴക്കടവിലേയ്ക്കു പോയി. 'നിഷ്കള'യ്ക്കൊന്നു നേരം

നോക്കാതെ ഇരിക്കുവാൻ കഴിഞ്ഞില്ല. "അകത്തെങ്ങാനും പോയിരിക്കരുതേ?" എന്നു് അവളോടു അച്ഛൻ ദ്വേഷ്യപ്പെട്ടു. ഇതെന്തൊരച്ഛൻ! അവൾക്കതു പിടിച്ചില്ല; അകത്തുപോയി ഖിന്നപ്പിച്ചിരുന്നു. അമ്മ കുളി കഴിഞ്ഞുവന്നു. മകളെ വേണ്ടുവോളം അവർ അലംകരിപ്പിച്ചു. അതിന്നിടയിൽ അമ്മയുടെ കൺപീലികളിൽ കണ്ണുനീർ നിറഞ്ഞതു എന്താണെന്നു നിഷ്കളങ്കയുടെ മനസ്സിലായില്ല. എങ്കിലും തന്റെ വിയോഗമാകാമതിന്നു കാരണമെന്നു് അവൾ ഊഹിച്ചിട്ടുണ്ടായിരിക്കണം. അവൾ അതിന്നൊരു പ്രതിവിധിയും ആ നിഷ്കളങ്കമനസ്സിൽ ആലോചിച്ചുറച്ചിട്ടുണ്ടായിരിക്കണം. അങ്ങിനെ വിവാഹമുഹൂർത്തം സമാഗതമായി. അരുണകിരണങ്ങൾ പ്രാചിയുടെ ഗളനാളത്തിൽ വരണമാല്യം അർപ്പിക്കുന്ന ആ ശുഭവേളയിൽ അവളുടെ കയ്യിലൊരു മുക്താഹാരം പിടിപ്പിച്ചു് അച്ഛൻ കണ്ടുനിൽക്കേ, അമ്മയുടെ കൺനിറയെ, തോഴികളുടെ വാഴ്ത്തുരവങ്ങളോടുകൂടെ, ഭർത്താവിന്റെ കണ്ഠത്തിൽ ഇടുവിച്ചു. മൂടുപടത്തിന്റെ ഉള്ളിലിരുന്നിരുന്ന ആ തൈലത എന്തെല്ലാം വികാരങ്ങൾ ആയിരുന്നിരിക്കണം അവളുടെ ചെറുഹൃദയത്തിൽ ആവഹിച്ചിരുന്നതു്. അതുവരെ അവൾ അവളുടെ മാനസികാനന്ദത്തിന്റെ മഞ്ജുരൂപം ഒരു കടക്കണ്ണുകൊണ്ടുപോലും പാനം ചെയ്തിരുന്നില്ല. വരനും കൂട്ടരും ഉടൻതന്നെ പിരിയുവാൻ തീർച്ചപ്പെടുത്തി. ആ കൊച്ചുഭവനത്തിൽ അവർക്കു സൌകര്യം പോരായിരുന്നു. അതുകൊണ്ടു് അവിടെയാവാം വലിയ സദ്യകളൊക്കെ എന്നാണു് മുൻകൂട്ടി നിശ്ചയപ്പെടുത്തിയിരുന്നതു്. നിഷ്കള അവളുടെ ആശനിറഞ്ഞ പീലിക്കണ്ണുകൾ വിടർത്തി മൂടുപടത്തിന്റെ ഇടയിൽക്കൂടി ഒന്നു നോക്കി. ഒരു മാലയിട്ടു നരച്ച കഷണ്ടിത്തല അവളിൽ ഒരു മിന്നൽ പിണരുളവാക്കി. ആ കൊച്ചുഹൃദയത്തിൽ വർണ്ണക്കടലാസ്സുകൊണ്ടു കെട്ടിപ്പടുത്തിരുന്ന ആശാമന്ദിരം അതിൽ കത്തി വെണ്ണീറായി. അംശുമാലിയുടെ രജതതനുവിൽ നഷ്ടചേഷ്ടയായ ഉഷസ്സന്ധ്യ കീഴ്പോട്ടു പതിച്ചു. ഒരദൃശ്യഹസ്തം ആ ഭാനുബിംബത്തെ ചരമപർവ്വതത്തിന്റെ സാനുക്കളിലേക്കു കൊണ്ടുപൊയ്ക്കൊണ്ടിരുന്നു. ആ സാധുപ്പെൺകുട്ടിയുടെ വിവാഹം അങ്ങിനെ കഴിഞ്ഞുകൂടി.

# ജ്യോതിശ്ശാസ്ത്രം.

—പണ്ഡിതർ, കരുവേലി രാമൻ മേനോൻ.

## II

വേദാംഗങ്ങളുടേയും അതിനെ അനുജീവിച്ചു പോരുന്ന ഇതര ശാസ്ത്രങ്ങളുടേയും നാനാവശങ്ങളായ ഉൽക്കൎഷാപകൎഷത്തിന്നു കാരണഭൂതമായ സ്വാത്മബോധത്തേയും ദശാപഹാരാന്തഃചരിത്രങ്ങളേയും അതുകളോടു ലോകത്തിന്നന്നുമിന്നും എന്നെന്നേക്കുമായിട്ടുള്ള ബാദ്ധ്യതകളേയും കുറിച്ചു മുൻലക്കം മാസികയിൽ ഞാൻ പ്രസിദ്ധം ചെയ്തിരുന്നല്ലോ.

അനേകശതാബ്ദങ്ങളായിട്ടു് ഓരോ വ്യക്തികളുടേയും ഹൃദയത്തിന്റെ അടിത്തട്ടിൽ വേരുറച്ചു കിടന്നിരുന്ന ശാസ്ത്രബോധം കാലാതിപാതത്താൽ കാലനൎത്തകിയുടെ കുളിൎത്ത കൺകോണിളക്കത്തിലും പരുപരുത്ത പരിഷ്ക്കാരപ്പകിട്ടിലും മിനുത്ത മന്ദഹാസത്തിലും പളുങ്കുനിറമൊത്ത പൌഡറിൻപകപ്പിലും ചൊറചൊറക്കുള്ള വിദേശഭാഷാദികളിലും മതിമറന്നു മനംമയങ്ങിയ മാനവസമുദായത്തിന്നു് അതിനോടുള്ള സ്വാഗതം വികടസ്വരത്തിലായിരുന്നതിനാലാണു നിശ്ചേതനമായിത്തീൎന്നതെന്നല്ലാതെ കേവലം നാമാവശേഷമായിപ്പോയിട്ടില്ലെന്നു മുൻപുതന്നെ പ്രസ്താവിച്ചുവല്ലോ. ആ ശാസ്ത്രശിശു—ചവുട്ടിത്താഴ്ത്തിയ ആ മഹച്ഛക്തിയുടെ അരുമസന്താനം—വിശ്വമോഹിനിയുടെ പട്ടുസാരിത്തലപ്പിൽ പിടിച്ചെഴുന്നേററിതാ ലോകരംഗത്തിലേക്കു ചുവടുവെക്കുന്നു. ആ ഭയങ്കരമൎദ്ദനത്തിന്റെ തളൎച്ച തീരെ തീൎന്നിട്ടില്ലാ; ഇനിയും അതിനൊരാലംബമുണ്ടാകുമോ! അഥവാ പിടഞ്ഞുതന്നെ വീണേക്കുമോ? ആവോ!

എങ്കിലും ലോകത്തിന്റെ നാനായിടങ്ങളിലുമിതിന്റെ പോഷണത്തിനും പ്രചരണത്തിനുമായി പ്രയത്നിച്ചു പോരുന്ന പല പുണ്യാത്മാക്കളുടെ ഔദാൎയ്യവും വിശേഷിച്ചു് ഈ മെച്ചമേറിയ കൊച്ചിക്കു് അതിന്റെ രക്ഷാകൎത്തൃത്വം വഹിച്ചു പോന്നിരുന്ന മഹൽത്യാഗിയും യശോമാത്രശരീരനുമായ രാജൎഷിസത്തമന്റെ അനുഗ്രഹഫലമായി സിദ്ധിച്ച വീൎയ്യശുല്ക്കത്തിന്റെ ആവിൎഭാവവും, ഇതിന്റെ സ്ഥിരീകരണത്തിന്നൊരാധാരമാകുമെന്നാശിക്കാം. വ്യാകരണാദികളാൽ വിദിതമായ കരചരണാദ്യവയവഗണനയിൽ അതിപ്രാധാന്യത്തെ അൎഹിക്കുന്ന ജ്യോതിസ്സിന്റെ തേജസ്സിൽ അനുഗൃഹീതരാവാത്തവർ അപൂൎവ്വമായി

രിക്കും. ആയതുകൊണ്ടു് അതിപാവനവുമപരിത്യാജ്യവുമായ ആ ശാസ്ത്രത്തിൻെറ നിരൂപണത്തിൽ നീതിജ്ഞഹൃദയം നിർമ്മത്സരത്വം കൈക്കൊള്ളുമെന്നുള്ള ഉത്തമവിശ്വാസത്തോടെ അതിനെ അനുബന്ധിക്കുന്ന ചില അംശങ്ങൾ കൂടെ താഴെ ഉദ്ധരിക്കുന്നതു് അനുചിതമായിരിക്കയില്ലെന്നാശിക്കുന്നു.

ഇതു് ഉദ്ദേശം രണ്ടായിരം സംവത്സരങ്ങൾക്കു മുമ്പുതന്നെ ഇന്ത്യയിലെന്നല്ല പാശ്ചാത്യരാജ്യങ്ങളിൽ പോലും പ്രചരിച്ചുപോന്നു. ദശാവിശേഷത്തിലിടക്കിടക്കു സഹജാതങ്ങളായ മററു ശാസ്ത്രങ്ങൾക്കു സംഭവിച്ചിരുന്നതുപോലെയുള്ള അനിഷ്ടസംഭവങ്ങളത്രതന്നെ ഇല്ലെങ്കിലും ഏതാണ്ടിതിനേയും ബാധിക്കാതിരുന്നിട്ടില്ല. എങ്കിലും "ഉർവ്വശിശാപം ഉപകാര"മെന്നുള്ള അവസ്ഥയാണിതിന്നനുഭൂതമായതു്. വിശേഷിച്ചു നാസ്തികത്വത്തിനെ അക്ഷരംപ്രതി അനുഷ്ഠിക്കുന്നവരായ യവനന്മാർ പോലും ഈ ജ്യോതിശ്ശാസ്ത്രത്തെ ശിരസാ അഭിനന്ദിക്കുകയും കൂട്ടതലനുഭവപരങ്ങളായ അഗാധതത്വങ്ങളും ആശയങ്ങളുംകൊണ്ടതിനെ പരിഷ്ക്കരിക്കുകയും ആചന്ദ്രതാരമഭിനവമെന്നോണം കരാരാദ്ധ്യപദത്തിന്നർഹമാക്കിത്തീക്കുകയും ചെയ്യുതാലോചിക്കുമ്പോൾ ഇതിൻെറ ആഭിജാത്യം അനുമാനിക്കാവുന്നതാണല്ലൊ.

നാസ്തികരെന്ന രൂപത്തിൽ നാമറിയപ്പെടുന്നവർ അപ്രത്യക്ഷവുമഗോചരവുമായ വസ്തുക്കളെ കേവലമനുമാനംകൊണ്ടുമാത്രം ആന്ധ്യത്താൽ നമ്മെപ്പോലെ കണ്ണടച്ചു വിശ്വസിക്കുന്നില്ലെന്നല്ലാതെ അനുഭവമുള്ളതുകളുടെ അതിസൂക്ഷ്മതയെ ആരായുന്നതിലലംഭാവമില്ലാതെ അനവരതമശ്രാന്തപരിശ്രമം ചെയ്യുന്നതായിട്ടവരെപ്പോലെ മററാരേയും നമുക്കു കാണ്മാൻ കഴിയുന്നതല്ല. അപ്രകാരമാത്മാത്ഥമായ പരിശീലനംകൊണ്ടു പ്രത്യുൽപ്പന്നമതികളായ അവർ അനന്തവും അപാരവുമായ ഈ ശാസ്ത്രപാരാവാരത്തിൻെറ അഗാധമായ അടിത്തട്ടിലുണ്ടു കിടക്കുന്ന അനഘരത്നങ്ങളെ തേടിപ്പിടിച്ചു് അതിൻെറ പരിണാമഫലങ്ങളെ സുവ്യക്തമായി പരിശോധിച്ചു പരിതൃപ്തരായതിനു ശേഷമാണതിനെ പ്രായോഗികമാക്കുകയും അനുഗാമികൾക്കാദർശമാക്കിത്തീക്കുകയും ചെയ്തിട്ടുള്ളൂ. അതിൻെറ ഫലമാണു യവനഭാഷയിൽ നമുക്കിന്നു ലക്ഷീഭവിക്കുന്ന അനേകം അമൂല്യഗ്രന്ഥങ്ങളും സിദ്ധാന്തങ്ങളും.

വിദേശീയവിജയപ്പതാക ഇതരശാസ്ത്രങ്ങളുടെ വളച്ചയെ കെടുത്തുകയും തളച്ചക്കു കാരണമാക്കുകയും അവയെ പ്രാണാഹുതിക്കു് പാര

ണയാക്കുകയും ചെയ്തിട്ടുണ്ടെന്നു പലരും പറയുന്നുണ്ടെങ്കിലും ഈ ജ്യോതിസ്സിന്റെ തേജസ്സിനെ അതു് അഭിഭവിപ്പിച്ചിട്ടില്ലെന്നല്ല, ആത്മാഭിമാനപുരസ്സരം അതിന്റെ കത്തൃത്വം കയ്യേൽക്കുകകൂടി ചെയ്തിട്ടുണ്ടെന്നു പറയുന്നതിലശേഷം അതിശയോക്തിയില്ല. അതിനും മതിയായ കാരണം അവരുടെ ഉപരിപ്ലവബുദ്ധിവൈഭവംതന്നെയാണ്. അവർ ഇതിന്റെ അതിഗഹനവും അത്യന്ത ശ്ലിഷ്ടവുമായ സാരങ്ങളെ കൂലങ്കഷമായി പരിശോധിച്ച്, നക്ഷത്രാദിമണ്ഡലങ്ങളുടേയും ആദിത്യാദി ഗോളങ്ങളുടേയും അകൽച്ച, ഉയച്ച, ഗമനപരിപാടി മുതലായതുകളെ ദൂരദശിനി തുടങ്ങിയ യന്ത്രസാമഗ്രികളുടെ സഹായത്താൽ കണ്ടുപിടിച്ച് അതുകളുടെ തത്വാവബോധത്തിൽതന്നെ ജാഗരൂകരായി അടിക്കടിക്കാവിർഭവിക്കുന്ന അന്തരായത്തിൽ അല്പമെങ്കിലും കൂസാതെ അനുദിനമസാദ്ധ്യശ്രമം ചെയ്ത് ഉത്സാഹസമ്പൂർണ്ണമായി ജീവിതം നയിക്കുകയും അതാതവസരത്തിലനുഭവപ്പെടുന്ന വിശേഷവിഷയങ്ങളേയും കണ്ടുപിടിത്തങ്ങളേയും അനുഗാമികൾക്കാദശമാക്കിത്തീക്കുകയും ചെയ്യുതിനാലാണ് അവരുടെ സംസർഗ്ഗംകൊണ്ടോ സംമദ്ദംകൊണ്ടൊ ഇതരശാസ്ത്രങ്ങളെ അപേക്ഷിച്ച് ഇതിനുണ്ടായിട്ടുള്ള വിശാലവികാസവും നേട്ടവും. മററ ശാസ്ത്രങ്ങളുടെ ക്ഷയോന്മുഖത്വം പ്രതീക്ഷിക്കേണ്ടിവരുന്ന നാം അതേ അവസരത്തിൽതന്നെ ഇതിന്റെ വിപുലതയെ പ്രശംസിക്കേണ്ടിവരുന്നതുതന്നെ ഇതിന്റെ മാഹാത്മ്യത്തിന്നു മതിയായ തെളിവാണ്. തന്നെയല്ല, തക്ക്വ്യാകരണാദികളിലുള്ള ശ്ലിഷ്ടവിഷയങ്ങളെക്കുറിച്ചാലോചിച്ച്, വ്യംഗമായും ധ്വനിയായും സൂച്യമായുമുള്ള വിവിധഗഹനവിഷയങ്ങളേയും അതുകളുടെ പൂർവ്വപക്ഷസിദ്ധാന്തങ്ങളേയും അഭിപ്രായഭേദങ്ങളേയും ചവ്വിതചവ്വണംചെയ്തു ശുദ്ധിവരുത്തിയാൽപോലും അതുകളെ പ്രായോഗികമാക്കുവാൻ, അതുകൊണ്ടുണ്ടാകേണ്ട സാദ്ധ്യമോ ഉപജീവനമാർഗ്ഗമോ ലോകാന്തരീക്ഷത്തിലങ്ങെങ്ങോപോയി മറഞ്ഞിരിക്കുന്ന ഇക്കാലത്ത്, ലോകസമക്ഷം എന്നെന്നേക്കുമായി യാത്ര പറഞ്ഞിരിക്കുന്ന ഈ അവസരത്തിൽ, അതിനെ തേടിപ്പിടിക്ക എന്നത് ക്ഷണസാദ്ധ്യമല്ല. ആ ഒരു ദോഷം ഇതിനൊരിക്കലും സംഭാവ്യമായിരിക്കില്ല. സവണ്ണാതവണ്ണവ്യവസ്ഥയോ പണ്ഡിതപാമരഭേദമോ കൂടാതെ എതൊരാൾക്കും എതൊരവസരത്തിലും ജീവനോപകരണമായോ, വിജ്ഞാനസമ്പാദനാത്ഥമായോ കൈകാര്യം ചെയ്യാവുന്നവിധം അത്ര ലളിതവും സുവ്യക്തവുമായ രീതിയിലാണിതു് രൂപീകൃതമായിട്ടുള്ളതു്.

പണ്ടുകാലങ്ങളിൽ, സ്കൂൾ വിദ്യാഭ്യാസത്തിൻെറ പ്രചുരപ്രചാരം പ്രത്യക്ഷമാവാതിരുന്ന കാലങ്ങളിൽ, ജ്യോതിശ്ശാസ്ത്രത്തിലെ പ്രാഥമിക പാഠങ്ങളായ വാക്യം, വാക്യശേഷം ഇതുകളെ പഴമയുള്ള എഴുത്താശാന്മാരുടെ അടുക്കൽനിന്നും പഠിക്കുക എന്നതു് ഒരു നിർബ്ബന്ധവിഷയമായിരുന്നു. അക്കാൎയ്യത്തിൽ ജാതിഭേദങ്ങളെ വകവെച്ചിരുന്നില്ല എന്നു തന്നെയല്ല അക്കാലങ്ങളിൽ പൈതങ്ങൾ പുലൎച്ചയിൽ എഴുന്നേററു ദേഹശുദ്ധി വരുത്തിയാലുടനെ പരൽകൊണ്ടു് (കവിടി) നാളും പക്കവും വയ്ക്കുക എന്ന ഒരു പഴയ നടപടി പരക്കെ പ്രധാനമായിരുന്നു. വിശേഷിച്ചു്, അതു കുഡുംബക്ഷേമത്തിനു അത്യാവശ്യകമായ ഒരു പരദേവതാരാധനയാണെന്നും, അരിഷ്ടശാന്തിക്കു് അത്യുത്തമമെന്നുംകൂടി അവർ കരുതിപ്പോന്നിരുന്നു. കാൎഷികവൃത്തികളായ നമ്മുടെ തറവാട്ടുകളിൽ കൃഷിസ്ഥലങ്ങളുഴുകൽ, വിത്തുവിതക്കൽ, കൊയ്ത്തു്, മെതി, പത്തായം നിറയ്ക്കൽ, വാഴനടൽ, ചേമ്പുനടൽ മുതലായ നിസ്സാരകാൎയ്യങ്ങൾക്കുപോലും മുഹൂൎത്തം നോക്കണമെന്നുള്ള നിർബ്ബന്ധമുണ്ടായിരുന്നു. അക്കാലത്തു സൎവ്വകലാശാലാബിരുദധാരികളൊ വലിയ പരീക്ഷയോ പഠിപ്പോ ഉണ്ടായിരുന്നില്ല. എതാണ്ടൊരാൾക്കു പ്രായപൂൎത്തി വരുന്നതോടുകൂടി എഴുത്താശാൻെറ എഴുത്താണിത്തലപ്പിൽ നിന്നും എതാനും അക്ഷരജ്ഞാനവും ജ്യോതിശ്ശാസ്ത്രത്തിൻെറ ചുരുങ്ങിയ ഒരു ബോധവും സിദ്ധിച്ചിരുന്നതിനാൽ അവരവൎക്കവശ്യമാവശ്യമായ കാൎയ്യങ്ങൾക്കു് അന്യാശ്രയം വേണ്ടിയിരുന്നില്ല.

അനന്തരഗാമികളായ, തലക്കുളത്തൂർ ഭട്ടതിരി, മേപ്പത്തൂർ ഭട്ടതിരി, വാഴക്കുളം ഭട്ടതിരി, കാണിപ്പയ്യൂർ, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു്, പുന്നശ്ശേരി നീലകണ്ഠശൎമ്മാ അവർകൾ മുതലായ അനുക്രമതാവഴിക്കാർ അതിനെ പരിഷ്കരിച്ചു പ്രചരിപ്പിക്കുകയും ഇപ്പോളതിൻെറ ഒരു ശോഭനമായ ഭാവിയെ പ്രതീക്ഷിക്കത്തക്കനിലയിൽ എത്തിച്ചേൎക്കുകയും ചെയ്തിട്ടുണ്ടു്. എങ്കിലും ദോഷൈകദൃക്കുകളായ കരടകപ്രമാണികൾ ചില അപരാധശകാരങ്ങൾ ഈ പരിപാവനകല്പകശാഖയിലവരോപിച്ചുകാണാറുള്ളതു വാസ്തവത്തിൽ അടിസ്ഥാനരഹിതമാണു്. അതിനുള്ള കാരണം അന്നന്നുപജീവനത്തിന്നാഴക്കരിക്കുപോലും ഗതിയില്ലാതിരുന്ന ഗണകസമുദായങ്ങളുടെ ദൈവവിശ്വാസത്തേയോ ദൈവജ്ഞതയെയോ അവഗണിച്ചു് ആപ്തവചസ്സുകളായ ഋഷിവൎയ്യന്മാരുടെ അവൎണ്ണനീയമായ പ്രതിഭാവിലാസത്തിൻേറയും ജ്ഞാനദൃഷ്ടിയുടേയും പരമപ്രയോജനമായുത്ഭവിച്ച ശാസ്ത്രത്തിൻേറയോ ശാസ്ത്രാൎത്ഥത്തി

ന്റെയോ യാതൊരു വിശേഷജ്ഞാനവുംകൂടാതെ നിയതിനിയമത്തെപ്പോലും നിഷ്കണ്ടകനായ നിർദ്ധനഭൂതത്തിനു ബലികഴിക്കുവാൻ ധൈര്യപ്പെടുകയും അതിനനുരൂപമായ കപടവേഷവും കവിടിസ്സഞ്ചിയുമായി കാണുന്ന പടിതോറും കേറി നടന്നു വിടവഴങ്ങിയുമടിപണിഞ്ഞും പൈതൃകായത്തമായ നാടോടിഭാഷയിൽ നാലഞ്ചനക്ഷരശ്ലോകങ്ങളുച്ചത്തിലുരുക്കഴിച്ചു ഭൂതബാധയും ദേവകോപവും വിധിച്ച് ബലികർമ്മങ്ങൾക്കും ക്ഷുദ്രദോഷത്തിനും സ്വാഗതമരുളി, ഭൂതേശഃ ഖണ്ഡപരശുഃ ഗിരീശോഗിരിശോമൃഡഃ എന്നുള്ള അമരകോശത്തിലെ ഒരു പാദം ഉച്ചരിച്ച് ഭൂതേശഃ എന്നതിനു ഭൂതബാധയെന്നും, ഖണ്ഡപരശുഃ എന്നതിനു ഭൈരവപീഡയെന്നും, ഗിരീശഃ എന്നതിനു ബ്രഹ്മരക്ഷസ്സെന്നും, ഗിരിശഃ എന്ന വാക്കിന്നു ഗന്ധർവ്വകോപമെന്നും മൃഡഃ എന്നതിനു ചാമുണ്ഡിദോഷമെന്നും വ്യാഖ്യാനിച്ചു എന്നും വരാത്ത ചില ഗുണഫലങ്ങളെ ആർത്തുവിളിച്ചു വാഴ്ത്തി സ്തുതിക്കുമ്പോൾ കിട്ടുന്ന പാരിതോഷികത്തിൽ പരിതൃപ്തരായി നടക്കുന്ന ചില ലോകവഞ്ചകന്മാരുടെ, സ്തുതിപാഠങ്ങളാണ് ഈ നിർദുഷ്ടശാസ്ത്രത്തിലപരാധമാരോപിക്കുവാനിടയാക്കിയത്. പക്ഷേ ഇതിന്റെ വളർച്ചയും പടർച്ചയും ആവക ദോഷങ്ങളെ പാടെ മൂടിക്കളകയും ചെയ്തിട്ടുണ്ട്. വേദത്തെപ്പോലെതന്നെ ഷഡംഗിയായ ഈ ശാസ്ത്രം—ജാതകഗോളനിമിത്തഃ പ്രശ്നമുഹൂർത്താഖ്യഗണിതനാമാനി— അഭിദധതീഹഷഡംഗാന്യാചാര്യാഃ ജ്യോതിഷേ മഹാശാസ്ത്രേ—എന്ന പ്രമാണമനുസരിച്ച്— ജാതകം, ഗോളം, നിമിത്തം, പ്രശ്നം, മുഹൂർത്തം, ഗണിതം എന്നിങ്ങിനെ ആറംഗങ്ങളായിട്ടാണ് വിഭജിക്കപ്പെട്ടിട്ടുള്ളത്. അതിൽ പ്രാക്ജന്മാർജ്ജിതപുണ്യാഫലഃ പ്രാബല്യോദ്രേകഹേതൂനഃ പ്രാരബ്ധസംജ്ഞാ മാനുഷ്യജാതൌ ജാതകചിന്തനം—എന്നും, സ്വകർമ്മഭോക്തുംജായന്തേ പ്രായേണ വഹ്നിജന്തവഃ ക്ഷീണേകർമ്മണിചാന്യത്ര പുനർഗച്ഛന്തിദേഹിനഃ—എന്നീ പ്രമാണവചനങ്ങളാൽ യുക്തിവാദികൾകൂടി പുനർജ്ജന്മസിദ്ധാന്തത്തിനു പ്രാമാണ്യം കല്പിച്ചിരിക്കേ, പൂർവ്വജന്മാർജ്ജിതങ്ങളായ സുകൃതദുഷ്കൃതങ്ങൾ ഇഹലോകസുഖദുഃഖങ്ങളേക്കുറിക്കുന്നതാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. മേഷാദിദ്വാദശരാശികളിലും ആദിത്യാദി നവഗ്രഹങ്ങളുടെ സ്ഥിതിഭേദങ്ങളെക്കൊണ്ടു നിർദ്ദേശിക്കുന്ന ശാസ്ത്രസമ്മതങ്ങളെ യുക്തിയുക്തമായി വിചിന്തനംചെയ്തു ജന്മനാ അന്ധവിശ്വാസത്തിലും അഹങ്കാരത്തിലും അടിപ്പെട്ടു ധൂർത്തരും ദുർവൃത്തരുമായി ജീവിതയാത്രയെ നികൃഷ്ടവും നിന്ദ്യവുമായ പദ്ധതികളിലൂടെ ത്വരിതഗമനം ചെയ്യിക്കുന്നവരുടെ ഐഹികാമുഷ്മികകർമ്മപരിപാകങ്ങളേയും ഭൂതഭാവി

ഷ്യദ്വൎത്തമാനാഫലങ്ങളേയും നിരൂപണം ചെയ്തു അതാതവസരങ്ങളിലവ രവൎക്കനുമതമാകുന്ന നേട്ടങ്ങളും കോട്ടങ്ങളും പ്രതിക്രിയകളും പ്രതിപാദിച്ചു ജനങ്ങളിൽ ദൈവവിശ്വാസവും സ്വാത്മബോധവും കൃത്യനിഷ്ഠയും ഉളവാക്കി സദാചാരനിരതരും സത്യവ്രതന്മാരുമാക്കിത്തീൎക്കുവാനുതകുന്ന ഒരു പിതൃസ്ഥാനമാണ ജാതകപദ്ധതി കൈക്കൊണ്ടിട്ടുള്ളതു്.

അനന്തരവിഷയമായ ഗോളത്തെക്കുറിച്ചാലോചിക്കുന്നതായാൽ അതു് അനന്തവും അജ്ഞാതവും അവൎണ്ണ്യവുമായ ലോകചക്രത്തിൻെറ ഓരോ നേമികളാണെന്നു മൊത്തത്തിൽ പറയാമെന്നല്ലാതെ വിസ്താരഭയാൽ അതിൻെറ ഓരോ അംശങ്ങളേയും കുറിച്ചു വിവരിക്കേണമെന്നു വിചാരിക്കുന്നില്ല. എങ്കിലും അതിൻെറ സ്വരൂപജ്ഞാനത്തിന്നുവേണ്ടി മാത്രം ഒരു ചുരുങ്ങിയ വിവരണം താഴെ ചേൎക്കുന്നു. ഭൂപൃഷ്ഠത്തിൻെറ ഉപരിഭാഗത്തിലും അധോഭാഗത്തിലുമായി പൌരാണികന്മാർ പരികല്പിച്ചിട്ടുള്ള അതല, വിതല, സുതല, പാതാളാദികളായ ചതുൎദ്ദശലോകങ്ങളെ ജ്യോതിശ്ശാസ്ത്രകാരന്മാർ ആദിത്യാദി ഗോളങ്ങളിലന്തൎഭൂതങ്ങളാക്കി പരിഗണിച്ചിരിക്കുന്നു. ഭൂമി, ഉരുണ്ടതാണെന്നും അതൊരു ഗോളമാണെന്നും ആരോടും പ്രത്യേകം പറഞ്ഞറിയിക്കേണ്ടതായ ആവശ്യമുണ്ടായിരിക്കയില്ല. അതുപോലെത്തന്നെ ആദിത്യാദിഗ്രഹങ്ങളെയും ഗോളാകൃതിയായിട്ടാണു് അവർ വിവക്ഷിക്കുന്നതു്. അസ്മാദൃശന്മാരുടെ മാംസളചക്ഷുസ്സിന്നു് അവിഷയമായി ഇനിയുമനേകം ഗോളങ്ങളുണ്ടെന്നു ജ്ഞാനചക്ഷുസ്സുകളഭിപ്രായപ്പെടുന്നുണ്ടു്. അതുകളിൽവെച്ചു ദൃശ്യങ്ങളായ ആദിത്യാദി ഗോളങ്ങൾക്കന്യോന്യമുള്ള അകൽച്ച, ഉയൎച്ച, പരിമാണം ഇതുകളേയും നക്ഷത്രാദി മണ്ഡലസ്വരൂപങ്ങളേയും അതുകളുടെ ഉദയാസ്തമയക്രമമനുസരിച്ചുള്ള കാലദേശദശാവിശേഷങ്ങളേയും സ്ഫുടീകരിക്കുന്നതിന്നു് അത്യന്താപേക്ഷിതമായ ഗണിതശാസ്ത്രവും ഇതിനോടത്യധികം കടപ്പാടുള്ള ഒന്നാണു്.

(തുടരും.)

---

# പുനർവിവാഹം.

—സി. എം. കിട്ടുണ്ണി.

ഗണേശദാസന്റെ മാതാപിതാക്കന്മാർ, കുടുംബം, നാട്ടു് മുതലായ ചരിത്രങ്ങളൊന്നും അധികമാക്കും അറിവില്ല. പുണ്യചരിതനായ നിമ്മലാനന്ദസ്വാമികൾ നാടെങ്ങും നടന്നു സാധുരക്ഷണം ചെയ്തുപോരുന്ന കാലത്തു് ഒരിടത്തു് അനാഥമട്ടിൽ ഈ കുട്ടിയെക്കാണുകയും, കൂടെക്കൊണ്ടുപോരികയും ചെയ്തുവെന്നാണ ഗണേശനെപ്പററി സമീപസ്ഥക്കെല്ലാമുള്ള ഒരറിവു്. വിസ്തൃതമായ ഫാലപ്രദേശവും, ദീപ്തങ്ങളായ നേത്രങ്ങളും, മോഹനമായ മുഖകാന്തിയുമുള്ള ഗണേശനിൽ സ്വാമികൾക്കു് അതിരററ വാത്സല്യം ഉണ്ടായി. "ഇവൻ വലിയ യോഗ്യനും പ്രസിദ്ധനുമായിത്തീരും" എന്നു് ഈ കുട്ടിയെക്കണ്ട അന്നുതന്നെ സ്വാമികൾ അന്തേവാസികളോടു അരുളിച്ചെയ്കയുണ്ടായത്രേ. ആ പ്രതീക്ഷയാലായിരിക്കാം മഹാനായ അദ്ദേഹം കുട്ടിയെ അക്കാലത്തുതന്നെ സ്വന്തം ചിലവിൽ വിദ്യാഭ്യാസത്തിന്നയച്ചതു്. പത്തുപതിനൊന്നു വയസ്സുവരെ "മണലിൽ കൈകുത്തി"യിട്ടില്ലാതിരുന്ന ഗണേശൻ ചുരുങ്ങിയ കാലംകൊണ്ടു സ്വഭാഷയിലെന്നല്ല വിദേശഭാഷകളിൽകൂടി പാണ്ഡിത്യം നേടി. സവ്വസംഗപരിത്യാഗിയും കാരുണികനുമായ സ്വാമികളിൽനിന്നു ശിഷ്യനുണ്ടായ അതിരററ അനുഗ്രഹംപോലെ, ഗുണവാനും പണ്ഡിതനുമായ ശിഷ്യനിൽനിന്നു സ്വാമികളും എന്തെന്നില്ലാത്ത ചാരിതാത്ഥ്യവും യശസ്സും നേടി. അസാമാന്യമായ പ്രതിഭ, അതിരററ കാരുണ്യം, എപ്പോഴും ആനന്ദമയമായ സ്വഭാവം, ആരേയും ആകഷിക്കത്തക്ക വാഗ്വിലാസം എന്നീ ഉൽകൃഷ്ടഗുണങ്ങളിണങ്ങിയ ഗണേശദാസൻ നാട്ടുകാരുടെ ആരാധനാപാത്രമായി.

അക്കാലത്തു ഗണേശദാസന്റെ ലേഖനമില്ലാത്ത മാസിക, പത്രങ്ങളൊ, പ്രസംഗമില്ലാത്ത പ്രസംഗവേദികളൊ അപൂൎവ്വമായിരുന്നു. വില്ലെടുത്തവരിൽ അജ്ജുനൻ എന്നപോലെ തൂലികയെടുത്തവരിൽ ഗണേശദാസൻ പ്രസിദ്ധനായി. ഇങ്ങിനെ സാധുസമുദായരക്ഷ, സാഹിതീസേവനം, ഗുരുശുശ്രൂഷ എന്നീ കൃത്യങ്ങളിൽ സദാ വ്യാപൃതനായി അദ്ദേഹം പ്രശോഭിച്ചു.

വഷം പത്തു കഴിഞ്ഞു. ഇതിലിടക്കു ഗുണവാനായ ഗണേശദാസനെ ഭത്താവായി ലഭിക്കുന്നതിന്നു കൊതിച്ച യുവതികളോ ജാമാതാവാക്കണമെന്നാശിച്ച കാരണവന്മാരോ ഒട്ടും കുറവല്ല. പക്ഷേ അദ്ദേഹത്തിന്നു് ആ വശത്തേക്കു ശ്രദ്ധയില്ലായിരുന്നു. യതിവര്യ്യസഹവാസം മൂലം ഇയാളും ഒരു കൊച്ചുസ്വാമിയായിത്തീരുവെന്നും, തങ്ങളുടെ അഭിലാഷങ്ങളൊന്നും ക്ഷിപ്രസാദ്ധ്യമല്ലെന്നും മേല്പറഞ്ഞവരെല്ലാം ഉറച്ചു.

സമകാലീനർ "കൊച്ചുസ്വാമി" എന്നു കളിയായും കാര്യമായും ഗണേശദാസിനെ വിളിക്കുക പതിവാണു്.

അന്നൊരു ദിവസം 'കൊച്ചുസ്വാമി'ക്കു വളരെ വേണ്ടപ്പെട്ട ഒരു മാന്യന്റെ ക്ഷണം ലഭിച്ചു, തന്റെ വീട്ടിൽ കുട്ടികളെ കുറച്ചു സംസ്കൃതം പഠിപ്പിച്ചാൽ തരക്കേടില്ലെന്നു്. സൌകര്യവും സമയവും അനുസരിച്ചു് ഈ ഉപകാരം ചെയ്യാൽ ഏററവും നന്ദിയുള്ളവനായിരിക്കുമെന്നും കത്തിലുണ്ടായിരുന്നു. തന്റെ സൌകര്യത്തേക്കാൾ അന്യന്റെ ഗുണത്തിൽ ബദ്ധശ്രദ്ധനായിരുന്ന ഗണേശദാസൻ ക്ഷണം സ്വീകരിച്ചു. 'കൊച്ചുസ്വാമി' ഒരദ്ധ്യാപകനുമായി.

രണ്ടു മൂന്നു കുട്ടികൾ പഠിക്കാനുണ്ടായിരുന്നതിൽ ഗൃഹസ്ഥന്റെ മൂത്തമകളായ 'ജാനു'വിന്നാണു പ്രാധാന്യം. 'ജാനു' പത്താംക്ലാസ്സിൽ രണ്ടു കൊല്ലം തോററിരിക്കയാണു്. വയസ്സു പതിനെട്ടു കഴിഞ്ഞിട്ടില്ലെങ്കിലും, പ്രായത്തിൽകവിഞ്ഞ ദേഹപുഷ്ടിയും അംഗലാവണ്യവും അവളെ ഒരു തികഞ്ഞ യൌവനവതിയാക്കി. അദ്ധ്യാപകനെപ്പററി ഏററവും ബഹുമാനമാണവൾക്കു്; അതിലധികം ലജ്ജയും. പഠിപ്പു തുടങ്ങി രണ്ടാഴ്ച കഴിഞ്ഞിട്ടും ജാനു അദ്ധ്യാപകന്റെ മുഖം നല്ലപോലെ കാണുകയുണ്ടായില്ലത്രെ! ഇങ്ങിനെ ആറേഴുമാസം പഠിച്ചു. ഈയിടെയായി 'ജാനു'വിനു് ഒട്ടേറെ സംശയങ്ങൾ അദ്ധ്യാപകനോടു ചോദിച്ചു മനസ്സിലാക്കേണ്ടിയിരുന്നു. അദ്ദേഹം പറയുന്നതൊന്നും അവളുടെ തലയിൽ കേറുന്നില്ല. പഠിപ്പിന്നു നിശ്ചയിച്ച സമയം കഴിഞ്ഞു തന്റെ കൊച്ചുസഹോദരന്മാർ പുസ്തകംവെച്ചു കളിക്കാനോടിപ്പോയിട്ടും ചില ദിവസങ്ങളിൽ 'ജാനു'വിന്റെ സംശയനിവാരണത്തിന്നായി ഇരുട്ടുന്നതുവരെ അദ്ധ്യാപകൻ ആ മുറിയിലിരിക്കേണ്ടിവരിക പതിവായി.

"മേനക വിശ്വാമിത്രന്റെ തപസ്സിളക്കുകതന്നെ ചെയ്യും"— തങ്ങളുടെ പ്രിയപ്പെട്ട 'കൊച്ചുസ്വാമിയെ' സൂചിപ്പിച്ചു ചില സ്നേഹിതന്മാർ പറയുകയാണു്. ചില രസികന്മാർ അദ്ദേഹത്തെ കാണുമ്പോൾ ചിരിച്ചുകൊണ്ടു പറയും, "സന്യാസിക്കും യൌവനകാലം പെണ്ണിന്നും പൂന്തരങ്ങിനെ തന്നെ."

*   *   *   *

രണ്ടോമനക്കുഞ്ഞുങ്ങളുടെ മാതാവാണിപ്പോൾ ശ്രീമതി 'ജാനു' അമ്മ. സുപ്രസിദ്ധനായ ഗണേശദാസൻ കുട്ടികളുടെ പിതാവും. സമാധാനത്തിന്റേയും സംതൃപ്തിയുടേയും നിലയനമാണാക്കുടുംബം. പറയത്തക്ക സമ്പാദ്യമൊന്നുമില്ലെങ്കിലും അവരനുഭവിക്കുന്ന ആനന്ദം അങ്ങോക്കുമുണ്ടായിരുന്നില്ല. സൌശീല്യത്തോടിണങ്ങിയ കവനചാതുരിയും വാഗ്മിത്വവും ഗണേശദാസനെ ഒരു നേതാവാക്കി. സംഗീതം കേട്ട സർപ്പങ്ങൾ പോലെ, ആ സ്നേഹഗായകനു ചുററും ജനങ്ങൾ കൂട്ടുകയായി.

മനോഹരമായ ഒരു സുപ്രഭാതത്തിൽ, പനിനീർപ്പൂക്കൾ ഇടമുറിയാതെ വിടർന്നുനില്ക്കുന്ന ആരാമത്തിൽ ഓമനമക്കളോടുകൂടി അന്നൊരു

032m2032 G7



ദിനം ഗണേശദാസൻ ലാത്തുകയായിരുന്നു. മന്ദമാരുതൻ പൂക്കളേയും കുട്ടികളുടെ മുഖങ്ങളേയും മാറി മാറി ചുംബിച്ച കൃതാൎത്ഥനായിരുന്നു. ഗണേശൻ എന്തോ അഗാധമായ ചിന്തയിലാണ്ടു് ഇരുവശത്തും നടക്കുന്ന കുട്ടികളുടെ കുഞ്ഞിക്കൈകളിൽ തന്റെ ഓരോ വിരൽ പിടിപ്പിച്ച അവരുടെ ഗതിയ്ക്കൊപ്പം ഒററടിവെച്ച നടക്കുകയാണ്. ആ സമയത്തു "കാപ്പിക്കു കാലമായി" എന്നു പറഞ്ഞു ജാനു അമ്മയും അവിടെ വന്നു. ചിന്താധീനനായ ഗണേശദാസൻ അതു കേട്ടതേയില്ല. "ഇന്നെന്താണിത്ര വലിയ ആലോചന. എഴുതിവന്ന കാവ്യം മുഴുമിച്ചല്ലൊ. ഒരു ദിവസമെങ്കിലും കുറച്ച സ്വാസ്ഥ്യതയെടുത്തുകൂടേ"—ആ പതിസ്നേഹവിവശ ശാസിച്ചു.

ഗണേശൻ:—പ്രിയേ, നാളെ ഒരു ചെറിയ നാടകം ചിത്രോദയം സ്കൂളിലേയ്ക്കെഴുതിക്കൊടുക്കാമെന്നേററിട്ടുണ്ട്. ദ്വിജേന്ദ്രലാൽ റോയിയുടെ നൂർജഹാനിലെ ചില ഭാഗങ്ങൾ വേണമെന്നാണവർ പറഞ്ഞിരിക്കുന്നതു്.

ജാനു—നൂർജഹാൻ! നാഥ, എനിക്കാപേരു കേൾക്കയേ വേണ്ട. തന്റെ ഭൎത്താവായിരുന്ന ഷേർഖാന്റെ അപമൃത്യുവിനു ശേഷം, നാലു കൊല്ലകാലം അടങ്ങിയിരുന്നെങ്കിലും, പിന്നീടു ജഹാംഗീറിന്നു ഭാൎയ്യയായിത്തീൎന്നില്ലേ അവൾ! നൂർജഹാൻ ഒരാദൎശവതിയല്ല.

ഗണേശൻ:—ആ ഭാഗം വളരെ ഹൃദയസ്പൃക്കാണു. എന്നാൽ, നൂർജഹാനെ ജയിക്കത്തക്ക ഗുണമുള്ള സ്ത്രീകൾ വളരെ അധികം ഇല്ല.

ജാനു:—ആ വിധവ പുനർവിവാഹത്തിന്നു സമ്മതിച്ചതിലാണെനിക്കു വിപരീതാഭിപ്രായം.

ഗണേശൻ:—വിധവാവിവാഹത്തിന്നെന്താണ് വിരോധം? മഹാന്മാരെല്ലാം അതിന്നനുകൂലികളാണല്ലോ.

ജാനു:—അതൊരാത്മവഞ്ചനയായിട്ടാണ് നാഥ, എനിക്കു തോന്നുന്നതു്. അങ്ങയോടു തൎക്കിച്ച ജയിക്കാനെനിക്കാവില്ല. പക്ഷേ, അതൊരു വഞ്ചനയാണെന്ന എന്റെ ദൃഢവിശ്വാസം മരണത്തിന്നുപോലും എന്നിൽനിന്നു മാററുവാൻ കഴിയുന്നതല്ല.

ഗണേശൻ:—(പുഞ്ചിരിയോടുകൂടി) അപ്പോൾ ഞാനെങ്ങാനും മരിച്ചെങ്കിൽ നീ—

പാവം, ജാനു അമ്മയുടെ ഹൃദയത്തിൽ ഒരസ്ത്രമെന്നോണം ഈ അൎദ്ധോക്തി തറച്ചു. അവർ തേങ്ങിക്കരയുവാൻ തുടങ്ങി. ഗണേശൻ പുഞ്ചിരി തൂകി പ്രിയപത്നിയെ അരികിലേയ്ക്കണച്ച് സമാശ്വസിപ്പിച്ചു. "എനിയ്ക്കാക്കാൎയ്യം ആലോചിക്കാൻകൂടി വയ്യ"—പ്രിയയിൽനിന്നു് ദീൎഘശ്വാസത്തിലും കണ്ണുനീരിലും നനഞ്ഞു ഒലിച്ചെന്നവണ്ണം പുറത്തു വന്ന ഈ വാക്കുകൾ തത്വജ്ഞാനിയായ ഗണേശനെക്കൂടി സ്തംഭിപ്പിച്ചു.

സുഖത്തിൽ വാൎത്തെടുത്ത കൊല്ലങ്ങൾ പിന്നേയും 10 കഴിഞ്ഞു.

MADRAS UNIVERSITY LIBRARY
- 3 APR 2003
CHENNAI-600 005

മൂത്തകുട്ടി ചന്ദ്രൻ രണ്ടാംക്ലാസ്സിലും അനുജൻ സിദ്ധൻ ഒന്നാംക്ലാസ്സിലും പഠിച്ചുവരുന്നു.

*   *   *   *

ദുഃഖത്തിൻെറ കൊടുങ്കാററു് ആഞ്ഞടിയ്ക്കുകയായിരുന്നു അന്നു്. എവിടെ നോക്കിയാലും കണ്ണീരാൽ കലുഷമായ മുഖങ്ങൾ മാത്രമേ കാണുന്നുള്ളു. വിലാസമോ വിനോദമോ എങ്ങുമില്ല. വത്തമാനക്കടലാസ്സുകളിലെല്ലാം ദുഃഖസൂചകമായ കറുത്ത രേഖകൾ! അതിന്നുചുവട്ടിൽ സന്താപത്തിൽ മുങ്ങിപ്പൊങ്ങിയ ചില അക്ഷരങ്ങൾ:—"മഹാത്മാവായ ഗണേശദാസൻ—സാധുരക്ഷകൻ—സാഹിത്യചക്രവത്തി—അകാലചരമമടഞ്ഞു—ഭയങ്കരമായ തീവണ്ടിയപകടം—അപരിഹാൎയ്യമായ നഷ്ടം—ഇന്നലെ അദ്ദേഹം ഒരു മഹായോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുവാനായി പോകുന്നമദ്ധ്യേയാണു് ഈ ദുരദൃഷ്ടം സംഭവിച്ചതു്!—

നാടാകെത്തന്നെ സന്താപസാഗരത്തിൽ ആണ്ടുപോയ ഈ സംഭവത്തിൽ ഗണേശദാസൻെറ ധമ്മദാരങ്ങളുടേയും സന്താനങ്ങളുടേയും സ്ഥിതി ഊഹ്യമാണല്ലൊ. പ്രമാണികളും സാധാരണക്കാരുമായി അന്നവിടെക്കൂടിയ ജനത്തിന്നതിരില്ല. പരസഹസ്രം പേരുടെ സാന്ത്വനവും സഹകരണവും അവരുടെ ദുഃഖത്തെ അല്പം ലഘൂകരിച്ചിരിക്കാം.

ഗണേശൻ ജീവിച്ചിരുന്നപ്പോൾ അദ്ദേഹത്തിൽ നാട്ടുകാൎക്കുണ്ടായിരുന്ന സ്നേഹബഹുമാനങ്ങൾ ഇപ്പോൾ നൂറിരട്ടിച്ചിട്ടുണ്ടു്. അതെല്ലാം അദ്ദേഹത്തിൻെറ വിധവയുടെ നേക്കാണു് പ്രദശിപ്പിക്കുന്നതു്. സ്വന്തം കുട്ടികളെക്കാൾ സ്നേഹം ഗ്രാമക്കാൎക്കു ഗണേശദാസൻെറ കുട്ടികളോടാണു്. ആ വിധവയുടേയും കുട്ടികളുടേയും ക്ഷേമത്തിന്നും ദീഘായുസ്സിന്നുമായി ഗ്രാമക്കാർ ഈശ്വരനോടു പ്രാത്ഥിക്കുക കൂടി ചെയ്യുിരുന്നു.

മിസിസ് ഗണേശദാസൻ—ശ്രവണമാത്രയിൽതന്നെ ഈ നാമം നാട്ടുകാരെ പുളകിതഗാത്രരും നമ്രശിരസ്കരുമാക്കും. ഇന്ദ്രജാലക്കാരൻെറ വടിയ്ക്കെന്നപോലെ ഈ പേരിന്നൊരു വശ്യശക്തി! ആ പേരു കണ്ടാൽ മതി, ഏതു കടലാസ്സും, അതാരുടേതായാലും ശരി, അവർ പണം വാരിക്കൊടുത്തു വാങ്ങും. ആരെങ്കിലും, അവൎക്കെതിരായി ഒരക്ഷരം മിണ്ടിയാൽ—അവൎക്കു പിന്നൊഴിയുവാൻ പ്രയാസം. നാട്ടുകാരുടെ അഭിലാഷം ശരിയ്ക്കറിഞ്ഞ പ്രഭുക്കന്മാരും ആ പേരിനെ ബഹുമാനിയ്ക്കുന്നതിൽ വിമുഖത കാണിച്ചില്ല.

സൎവ്വജനസംപൂജ്യയായി, അരുമസന്താനങ്ങളെ ലാളിച്ചു പരിപാലിച്ചു്, ആറേഴുകൊല്ലം പരമസുഖത്തോടെ അവർ കഴിഞ്ഞു. ഒരു ദിവസം കണ്ണൂറൂരുണ്ടുമായി, മിന്നൽപിണർപോലെ ഒരു വത്തമാനം ഗ്രാമീണരുടെ ചെവികളിൽകൂടി പാഞ്ഞുപോയി; മിസിസ് ഗണേശദാസൻ—തങ്ങളേയും തങ്ങളുടെ ആരാദ്ധ്യമൂത്തിയായിരുന്ന ഗണേശദാസനേയും വഞ്ചിച്ചു്—അഥവാ മറന്നു്—പുനൎവ്വിവാഹം ചെയ്യുമെന്നു്!

---